ദക്ഷിണേന്ത്യാ സഭ

# സംക്ഷിപ്ത
# പൊതു ആരാധനപ്പുസ്തകം

ദക്ഷിണേന്ത്യാ സഭയുടെ
പ്രാദേശിക ലിറ്റർജി കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്.
2013

# കർത്താവിന്റെ അത്താഴത്തിനുള്ള ശുശ്രൂഷക്രമം

അഥവാ

# വിശുദ്ധ യൂക്കറിസ്റ്റ്

## കർത്താവിന്റെ അത്താഴം ആചരിക്കുന്നതിനു മുമ്പായി ഉപയോഗിക്കാവുന്ന ഒരു ശുശ്രൂഷ

കർത്താവിന്റെ അത്താഴം ആചരിക്കുന്നതിന്റെ തലേ രാത്രിയിലോ മറ്റേതെങ്കിലും സൗകര്യമുള്ള സമയത്തോ കഴിവുള്ളപ്പോഴൊക്കെയും ഒരു പ്രത്യേക ശുശ്രൂഷ നടത്തണം. അല്ലെങ്കിൽ വിശുദ്ധസംസർഗം ആചരിക്കുന്ന ദിവസംതന്നെ അതു നടത്താം; എന്നാൽ അതു കഴിഞ്ഞു മൗനമായ പൊതു പ്രാർത്ഥനയ്ക്കു സമയം ഉണ്ടായിരിക്കണം. അപ്രകാരമുള്ള ശുശ്രൂഷയിൽ ദൈവത്തിനു സ്തുതിയും പാപം ഏറ്റുപറച്ചിലും ദൈവവചന വായനയും പ്രസംഗവും കൂടാതെ

(1) 1 കൊരി. 11 : 23 – 29 വായനയും

(2) പത്തു കൽപ്പനകളോ, ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും ചുരുക്കം കർത്താവു പറഞ്ഞതോ പ്രതിവാക്യങ്ങളോടുകൂടെയുള്ള വായനയും

(3) ഒരു പ്രബോധനവും ഉണ്ടായിരിക്കാം.

# പത്തു കല്പനകൾ

ദൈവം ഈ വചനങ്ങളെയെല്ലാം അരുളിച്ചെയ്തു പറഞ്ഞതു:-

1. ഞാൻ നിന്റെ ദൈവമായ കർത്താവ് ആകുന്നു; എന്റെ മുമ്പാകെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു.

അവസാനത്തേത് ഒഴികെയുള്ള ഓരോ അപേക്ഷയുടെയും പിന്നാലെ ജനങ്ങൾ ചൊല്ലേണ്ടതു:

**കർത്താവേ, ഞങ്ങളോടു കരുണയുണ്ടായി ഈ കല്പന കാക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.**

2. നീ നിനക്ക് ഒരു വിഗ്രഹം ഉണ്ടാക്കരുതു. മീതെ സ്വർഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുതു. നീ അവയെ കുമ്പിടുകയോ സേവിക്കുകയോ ചെയ്യരുതു.

3. നിന്റെ ദൈവമായ കർത്താവിന്റെ നാമം നീ വൃഥാ എടുക്കരുതു.

4. ശബത്തു ദിവസം ശുദ്ധമായി ആചരിക്കുവാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്യുക. എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന് ഒരു ശബത്ത് ആകുന്നു.

5. നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

6. നീ കൊല ചെയ്യരുതു.

7. നീ വ്യഭിചാരം ചെയ്യരുതു.

8. നീ മോഷ്ടിക്കരുതു.

9. നീ കള്ളസ്സാക്ഷ്യം പറയരുതു.

10. നീ മോഹിക്കരുതു.

**കർത്താവേ, ഞങ്ങളോടു കരുണയുണ്ടായി നിന്റെ ഈ കൽപ്പനകൾ ഒക്കെയും ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതേണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.**

## ഒരു പ്രബോധനം

ഏറ്റവും പ്രിയപ്പെട്ടവരേ, കർത്താവിന്റെ മേശയിങ്കലേക്കു വരുവാൻ ആഗ്രഹിക്കുന്നവർ ഈ സക്രമെന്തിന്റെ മർമ്മം ഗ്രഹിച്ചിരിക്കേണ്ടതു ന്യായമായിട്ടുള്ളതാണ്. ആ മർമ്മം ഇതാകുന്നു: ക്രിസ്തു തന്റെ ശരീരത്തെയും രക്തത്തെയും നിത്യജീവന്റെ ഭക്ഷണവും പാനീയവുമായി സത്യമായി നമുക്കു നൽകുന്നു. നല്ല ഇടയൻ ആടുകൾക്കു വേണ്ടി അവന്റെ ജീവനെ വച്ചുകളഞ്ഞു; കപടമില്ലാത്തവനായ അവൻ പാപികൾക്കുവേണ്ടി മരിച്ചു, തല അവയവങ്ങൾക്കുവേണ്ടിയും, മണവാളൻ തന്റെ മണവാട്ടിയായ സഭയ്ക്കുവേണ്ടിയും; മഹാപുരോഹിതൻ, പിതാവിന്റെ ഇഷ്ടം അനുസരിച്ചും നമ്മോടുള്ള അന്തമില്ലാത്ത സ്നേഹം കൊണ്ടും തന്നെത്തന്നെ പരിപൂർണ്ണയാഗമായി അർപ്പിച്ചു. തന്റെ മരണത്താൽ പിതാവായ ദൈവത്തോടുള്ള സംസർഗത്തിനു പ്രതിബന്ധമായിരുന്നതിനെ എല്ലാം അവൻ നീക്കിക്കളകയും, അങ്ങനെ നാം നിശ്ചയമായി അവന്റെ മക്കളാകേണ്ടതിനും അവന്റെ സ്നേഹത്താൽ പരിപാലിക്കപ്പെടേണ്ടതിനും നമ്മുടെ ആയുഷ്ക്കാലം മുഴുവൻ അവനാൽ നടത്തപ്പെടേണ്ടതിനും അവന്റെ മഹത്വത്തിന്റെ പ്രത്യാശയിൽ ഉല്ലസിക്കേണ്ടതിനുംതന്നെ. അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയിൽ പഴയ മനുഷ്യനെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിക്കേണ്ടതിനും, പരീക്ഷകളും കഷ്ടതകളും ക്ഷമയോടെ അവന്റെ മഹത്വത്തിനായി വഹിക്കേണ്ടതിനും അവൻ നമ്മെ വിളിക്കുന്നു. അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയിൽ ജീവന്റെ പുതുക്കത്തിന് അവൻ നമ്മെ വിളിക്കുന്നു. അവന്റെ ആത്മാവിന്റെ കൂട്ടായ്മയിൽ അവൻ നമ്മെ യോജിപ്പിച്ച് അവന്റെ സാദൃശ്യ

ത്തോട് അനുരൂപരാക്കുവാൻ അന്വേഷിക്കുകയും ചെയ്യുന്നു. അതേ ആത്മാവിനാൽതന്നെ അവന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു പകരുന്നു. നാം തമ്മിൽ തമ്മിൽ സ്നേഹിക്കുവാനും അവനെപ്രതി നമ്മുടെ ശത്രുക്കളെ സ്നേഹിക്കുവാനായിട്ടുംതന്നെ.

ആരെങ്കിലും ഇത് ഹൃദയത്തിൽ കരുതാതെ പാപത്തിലും അനീതിയിലും തുടർന്നുപോകുവാൻ ഇച്ഛിക്കുന്നു എങ്കിൽ അവൻ കർത്താവിന്റെ മേശയിൽ വരാതിരിക്കട്ടെ. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയോ ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയോ ചെയ്യുവാൻ. നമ്മിൽനിന്നു കർത്താവ് ആവശ്യപ്പെടുന്ന യോഗ്യതയോ, നാം നമ്മുടെ പാപങ്ങളെക്കുറിച്ചു പരമാർത്ഥമായി ദുഃഖിച്ച് അവനിൽ നമ്മുടെ സന്തോഷവും രക്ഷയും കണ്ടെത്തണം എന്നത്രേ. എന്തെന്നാൽ നാം ഈ അത്താഴത്തിൽ നമ്മിൽത്തന്നെ നീതിയുള്ളവരായിട്ടല്ല, നമ്മുടെ രക്ഷിതാവായ ക്രിസ്തുവിന്റെ നീതിയിൽ ശരണപ്പെട്ടുകൊണ്ടത്രേ വരുന്നതു. ഈ വിശുദ്ധ ഭോജനത്തിൽ പങ്കുകൊള്ളുവാൻ അവൻ നമ്മെ ക്ഷണിക്കുന്നു.

## ഒരുക്കം

ഒരു കീർത്തനമോ സങ്കീർത്തനമോ പാടുകയോ ചൊല്ലുകയോ ചെയ്യാം.

ശുശ്രൂഷകർ കർത്താവിന്റെ മേശയിങ്കലേക്കു വരുമ്പോൾ ജനങ്ങൾ എഴുന്നേറ്റു നിൽക്കണം. പ്രെസ്ബിറ്ററോ, തന്നോടുകൂടെയുള്ള ഒരാളോ പാഠങ്ങൾ വായിക്കുന്നതിനുള്ള വേദപുസ്തകം രണ്ടു കൈകളിലുമായി എടുത്തുകൊണ്ടുവന്നു മേശമേലോ വായനപീഠത്തിന്മേലോ വയ്ക്കണം. പ്രെസ്ബിറ്റർ ജനങ്ങളെ അഭിമുഖീകരിച്ചു മേശയുടെ പിൻഭാഗത്തു നിൽക്കാം.

|| ജനങ്ങൾ നിൽക്കുമ്പോൾ പ്രെസ്ബിറ്റർ പറയേണ്ടതു:

നമുക്കു പ്രാർത്ഥിക്കാം

സർവ്വശക്തനായ ദൈവമേ, നിനക്കു സകല ഹൃദയങ്ങളും തുറന്നിരിക്കുന്നവയും, സകല ആഗ്രഹങ്ങളും അറിയപ്പെട്ടവയും, നിന്നിൽനിന്നു രഹസ്യങ്ങളൊന്നും മറവില്ലാത്തതും ആകുന്നുവല്ലോ; ഞങ്ങൾ നിന്നെ പൂർണ്ണമായി സ്നേഹിക്കുവാനും നിന്റെ പരിശുദ്ധ നാമത്തെ യോഗ്യമായി മഹത്വപ്പെടുത്തുവാനും, നിന്റെ പരിശുദ്ധാത്മാവിന്റെ നിശ്വാസത്താൽ ഞങ്ങളുടെ ഹൃദയങ്ങളിലെ നിനവുകളെ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം വെടിപ്പാക്കേണമേ. ആമെൻ.

അതിനുശേഷം താഴെവരുന്ന കീർത്തനങ്ങളിൽ ഒന്ന് പാടുകയോ ചൊല്ലുകയോ ചെയ്യാം.

സൈന്യങ്ങളുടെ ദൈവമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും നിന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു. മഹോന്നതനായ കർത്താവേ, നിനക്കു മഹത്വമുണ്ടാകട്ടെ.

**കർത്താവിന്റെ നാമത്തിൽ വന്നവനും, വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉന്നതങ്ങളിൽ സ്തുതി.**

ദൈവമേ, നീ പരിശുദ്ധനാകുന്നു.

**ദൈവമേ, നീ പരിശുദ്ധനാകുന്നു.**

സർവ്വശക്തനേ, നീ പരിശുദ്ധനാകുന്നു.

**സർവ്വശക്തനേ, നീ പരിശുദ്ധനാകുന്നു.**

മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

**മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.**

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ കർത്താവേ, ഞങ്ങളോടു കരുണചെയ്യേണമേ.

**ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ കർത്താവേ, ഞങ്ങളോടു കരുണചെയ്യേണമേ.**

പരിശുദ്ധാത്മാവായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

**പരിശുദ്ധാത്മാവായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.**

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകളും സ്തോത്രങ്ങളും കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യേണമേ.

**കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണചെയ്യേണമേ.**

|| അല്ലെങ്കിൽ

**അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനവും ഉണ്ടാകട്ടെ. കർത്താവായ ദൈവമേ, സ്വർഗീയ രാജാവേ, സർവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ഞങ്ങൾ നിന്നെ വന്ദിക്കുന്നു. ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. നിന്റെ വലിയ മഹത്വത്തിനായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

**ഏകജാതനാം പുത്രനായ യേശുക്രിസ്തുവാകുന്ന കർത്താവേ, കർത്താവായ ദൈവമേ, പിതാവിന്റെ പുത്രാ, ലോകത്തിന്റെ പാപം ചുമക്കുന്നവനേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ. പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നവനേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**

**നീ മാത്രമല്ലോ പരിശുദ്ധൻ, നീ മാത്രം കർത്താവ്; മശിഹായേ, നീ മാത്രം പരിശുദ്ധാത്മാവിനോടുകൂടെ പിതാവായ ദൈവത്തിന്റെ മഹത്വത്തിൽ മഹോന്നതനാകുന്നു. ആമെൻ.**

|| അല്ലെങ്കിൽ ഈ പുരാതന കീർത്തനം 3 പ്രാവശ്യം ആവർത്തിക്കാം.

പരിശുദ്ധ ദൈവമേ,

**പരിശുദ്ധനും ബലവാനും, പരിശുദ്ധനും അമർത്യനും ആയുള്ളോവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകേണമേ.**

|| അല്ലെങ്കിൽ ഈ ലിത്താനി. (ദിയാക്കോൻ പ്രതിവാക്യം ആരംഭിക്കണം.)

അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിക്കുവാൻ യോഗ്യൻ.

**കുഞ്ഞാടിനു മഹത്വമുണ്ടാകട്ടെ.**

സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും, സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ.

**കുഞ്ഞാടിനു മഹത്വമുണ്ടാകട്ടെ.**

അറുക്കപ്പെട്ടവനേ, നീ നിന്റെ രക്തംകൊണ്ടു സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കു വാങ്ങി. നീ യോഗ്യൻ.

**കുഞ്ഞാടിനു മഹത്വമുണ്ടാകട്ടെ. രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം. ആമെൻ. നമ്മുടെ ദൈവത്തിന് എന്നെന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും. ആമെൻ.**

|| അല്ലെങ്കിൽ വേറൊരു കീർത്തനം പാടാം.

താഴെവരുന്ന കല്പനകളുടെ സംഗ്രഹമോ 1-ഉം 2-ഉം പേജുകളിലെ ഏതെങ്കിലും ഭാഗമോ ഇവിടെ വായിക്കാം.

## നമ്മുടെ കർത്താവു പറഞ്ഞപ്രകാരം ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും ചുരുക്കം

നമ്മുടെ കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തതു: യിസ്രായേലേ കേൾക്ക, നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവാകുന്നു. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കേണ്ടതാകുന്നു. ഇതാകുന്നു ഒന്നാമത്തെ കല്പന. രണ്ടാമത്തേത് അതിനോടു സമം: അതായതു നിന്റെ കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം. ഇവയിൽ വലുതായി വേറൊരു കല്പനയും ഇല്ല. ഈ രണ്ടു കൽപ്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു.

**കർത്താവേ, ഞങ്ങളോടു കരുണയുണ്ടായി ഈ കല്പനയെ കാക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.**

അനന്തരം പ്രെസ്ബിറ്റർ പറയേണ്ടത്:

പ്രിയരേ, ദൈവത്തിന്റെ ഏറ്റവും പരിശുദ്ധവചനം കേൾക്കുവാനും കർത്താവിന്റെ ശരീരരക്തങ്ങൾ കൈക്കൊള്ളുവാനും നാം ഒരുമിച്ചു വന്നിരിക്കുന്നു. അതിനാൽ നമുക്കു മുട്ടുകുത്തി മൗനമായി നമ്മെത്തന്നെ ശോധനചെയ്തു വിശ്വാസത്തോടും അനുതാപത്തോടും അവങ്കലേക്കു സമീപിക്കുന്നതിനു ദൈവകൃപ അന്വേഷിക്കാം.

എല്ലാവരും മുട്ടുകുത്തണം. അല്പനേരം മൗനമായിരുന്നശേഷം പ്രെസ്ബിറ്റർ നിന്നുകൊണ്ടു പറയേണ്ടതു:

നിങ്ങളുടെ പാപങ്ങളെക്കുറിച്ചു നേരായും താത്പര്യമായും മാനസാന്തരപ്പെട്ടു, നിങ്ങളുടെ കൂട്ടുകാരോടു

പ്രിയവും സ്നേഹവുമായിരുന്നു ദൈവത്തിന്റെ കൽപ്പ നകൾ അനുസരിച്ചുകൊണ്ടും, മേലാൽ അവന്റെ വിശുദ്ധ വഴികളിൽകൂടെ നടന്നുകൊണ്ടും, പുതിയ ജീവിതം നയി ക്കുവാൻ നിശ്ചയിച്ചിരിക്കുന്ന നിങ്ങൾ, നമ്മുടെ കർത്താ വായ യേശുക്രിസ്തു മൂലം അവനോടു പുതുതായി നിരപ്പാ ക്കപ്പെടേണ്ടതിനു സർവ്വശക്തനായ ദൈവത്തോടു താഴ്മ യായി നിങ്ങളുടെ പാപങ്ങളെ ഏറ്റുപറയുവിൻ.

മുട്ടുകുത്തിക്കൊണ്ട് എല്ലാവരുംകൂടെ ശുശ്രൂഷകന്റെ പിന്നാലെ ചൊല്ലേ ണ്ടതു:

**സ്വർഗസ്ഥ പിതാവേ, ഞങ്ങൾ നിനക്കും ഞങ്ങളുടെ അയൽക്കാർക്കും വിരോധമായി പാപം ചെയ്തിരിക്കുന്നു എന്ന് ഏറ്റുപറയുന്നു; ഞങ്ങൾ പ്രകാശത്തിലല്ല, ഇരുട്ടി ലത്രെ നടന്നിരിക്കുന്നതു. ഞങ്ങൾ കർത്താവിന്റെ നാമം ഉച്ചരിക്കുന്നെങ്കിലും ഞങ്ങൾ അനീതി വിട്ടകന്നിട്ടില്ല. ഞങ്ങ ളോടു കരുണയുണ്ടാകേണമേ. യേശുക്രിസ്തു നിമിത്തം ഞങ്ങളുടെ സകല പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണ മേ. നിന്റെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ വെടിപ്പാക്കേ ണമേ. ഞങ്ങളുടെ മനസ്സാക്ഷികളെ ഉണർത്തേണമേ. മറ്റു ള്ളവരോടു ഹൃദയപൂർവ്വം ക്ഷമിക്കുവാൻ തക്ക പ്രാപ്തി ഞങ്ങൾക്കു നൽകേണമേ. നിന്റെ നാമത്തിന്റെ മഹത്വത്തി നായി ജീവന്റെ പുതുക്കത്തിൽ മേലാൽ നിന്നെ സേവി ക്കുവാൻ ഞങ്ങൾക്കു കൃപ നൽകേണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷി ക്കുന്നു. ആമെൻ.**

|| അല്ലെങ്കിൽ പ്രെസ്ബിറ്റർ വേറെ ഏതെങ്കിലും ഏറ്റുപറച്ചിൽക്രമം ഉപ യോഗിക്കാം.

അനന്തരം പ്രെസ്ബിറ്റർ എഴുന്നേറ്റുനിന്നു പറയേണ്ടതു:

സത്യമായി ക്രിസ്തുവിൽകൂടെ തങ്കലേക്കു തിരിയുന്ന എല്ലാവരോടുമുള്ള ദൈവത്തിന്റെ കൃപാമൊഴി കേൾക്കു വിൻ:

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. മത്താ. 11:28

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. യോഹ. 3:16

ക്രിസ്തുയേശു പാപികളെ രക്ഷിക്കുവാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിക്കുവാൻ യോഗ്യവുമായ വചനംതന്നെ. 1തിമൊ. 1:15

ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു. 1യോഹ. 2:1,2

അല്പസമയം മൗനമായിരുന്നശേഷം പ്രെസ്ബിറ്റർ പറയേണ്ടതു:

മനഃപൂർവ്വമായ മാനസാന്തരത്തോടും സത്യവിശ്വാസത്തോടും തങ്കലേക്കു തിരിയുകയും തങ്ങളുടെ സഹോദരരോടു ക്ഷമിക്കുകയും ചെയ്യുന്ന എല്ലാവർക്കും പാപമോചനം നൽകുമെന്നു തന്റെ മഹാകരുണയാൽ വാഗ്ദത്തം ചെയ്തിരിക്കുന്ന സ്വർഗസ്ഥപിതാവായ സർവ്വശക്തിയുള്ള ദൈവം, നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നിങ്ങളോടു കരുണയുണ്ടായി, നിങ്ങളുടെ സകല പാപങ്ങളും ക്ഷമിച്ചു, അവയിൽനിന്നു നിങ്ങളെ വിടുവിച്ചു, സകല നന്മയിലും ഉറപ്പിച്ചു ബലപ്പെടുത്തി, നിങ്ങളെ നിത്യജീവങ്കലേക്കു പ്രവേശിപ്പിക്കട്ടെ.

**ആമെൻ, ദൈവമേ, നിനക്കു സ്തോത്രം.**

(പ്രെസ്ബിറ്റർ "നിങ്ങൾ" എന്നതിനു പകരം "നാം " എന്നു പറയാവുന്നതാ ണു. അങ്ങനെ ചെയ്യുമ്പോൾ പ്രാർത്ഥന കഴിഞ്ഞശേഷം ദൈവത്തിന്റെ കൃപാമൊഴി വായിക്കണം.)

## ദൈവവചന ശുശ്രൂഷ

കർത്താവു നിങ്ങളോടുകൂടെ ഇരിക്കട്ടെ.

**നിങ്ങളോടുകൂടെയും.**

നമുക്കു പ്രാർത്ഥിക്കാം.

ആ ദിവസത്തേക്കുള്ള അപേക്ഷ അല്ലെങ്കിൽ വേറൊരു പ്രാർത്ഥന. വേദഭാഗങ്ങൾ വായിക്കുമ്പോൾ, കുറഞ്ഞപക്ഷം സുവിശേഷം വായിക്കുമ്പോൾ, ജനങ്ങൾ എഴുന്നേറ്റു നിൽക്കണം. ഓരോ പാഠത്തിന്റെയും മുമ്പായി വായിക്കുന്ന ആൾ ഇപ്രകാരം പറയണം:

----- പുസ്തകം------അദ്ധ്യായത്തിൽ-------വാക്യംമുതൽ എഴുതിയിരിക്കുന്ന ദൈവവചനം കേൾപ്പിൻ.

വായനയ്ക്കുശേഷം "ഇവിടെ പാഠം അവസാനിക്കുന്നു " എന്നു പറയണം. പഴയനിയമപാഠം വായിക്കണം. അതിന്റെശേഷം ജനങ്ങൾ പറയേണ്ടതു:

**ദൈവമേ, നിനക്കു സ്തോത്രം ഉണ്ടാകട്ടെ.**

ഒരു സങ്കീർത്തനമോ പാട്ടോ പാടാം.

ലേഖനം വായിക്കണം. അതിന്റെശേഷം ജനങ്ങൾ പറയേണ്ടതു:

**ദൈവമേ, നിനക്കു സ്തോത്രം ഉണ്ടാകട്ടെ.**

സുവിശേഷം വായിക്കണം. അതിന്റെശേഷം ജനങ്ങൾ പറയേണ്ടതു:

**ക്രിസ്തുവേ, നിനക്കു സ്തുതി ഉണ്ടായിരിക്കട്ടെ.**

പാട്ട്

അനന്തരം പ്രസംഗം പറയണം. ജനങ്ങൾ അപ്പോൾ ഇരിക്കണം. പിന്നീട് എല്ലാവരും എഴുന്നേറ്റു നിന്നു നിഖ്യാവിശ്വാസപ്രമാണം ചൊല്ലുകയോ പാടുകയോ ചെയ്യണം.

**സർവ്വശക്തിയുള്ള പിതാവായി, ആകാശവും ഭൂമിയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായുള്ള സകലത്തെയും സൃഷ്ടിച്ചവനായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.**

**ദൈവത്തിന്റെ ഏകജാതനായ പുത്രനായി, ഏകകർത്താവായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു;**

അവൻ സർവ്വലോകങ്ങൾക്കും മുമ്പെ തന്റെ പിതാവിൽനിന്നു ജനിപ്പിക്കപ്പെട്ടവൻ. ദൈവത്തിൽനിന്നു ദൈവം, പ്രകാശത്തിൽനിന്നു പ്രകാശം, സത്യദൈവത്തിൽനിന്നു സത്യദൈവം, ജനിപ്പിക്കപ്പെട്ടവൻ, ഉണ്ടാക്കപ്പെട്ടവനല്ല. പിതാവിനോട് ഏകത്വമുള്ളവൻ, അവനാൽ സകലവും ഉണ്ടായി, അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗത്തിൽനിന്ന് ഇറങ്ങി, പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽനിന്ന് അവതരിച്ചു മനുഷ്യനായിത്തീർന്നു. പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടു. അവൻ കഷ്ടപ്പെട്ടു, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻപ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റു, സ്വർഗത്തിലേക്കു കയറി, പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ മഹത്വത്തോടെ വീണ്ടും വരും; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല.

കർത്താവും ജീവിപ്പിക്കുന്നവനും, പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു മഹത്വപ്പെടുന്നവനും, പ്രവാചകരെക്കൊണ്ടു പറയിച്ചവനുമായ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. കാതോലികവും അപ്പൊസ്തലികവുമായ ഏക വിശുദ്ധസഭയിലും ഞാൻ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏകബപ്തീസ്മയെ ഞാൻ അനുസരിക്കുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തിനും വരുവാനുള്ള ലോകത്തിലെ ജീവനും ഞാൻ കാത്തിരിക്കുന്നു. ആമെൻ.

|| അല്ലെങ്കിൽ അപ്പൊസ്തലവിശ്വാസപ്രമാണം ഉപയോഗിക്കാവുന്നതാണു.

ഇവിടെ അറിയിപ്പുകൾ നൽകണം.

പാട്ട്

പ്രാർത്ഥനാവിഷയങ്ങൾ പ്രസ്താവിച്ചശേഷം എല്ലാവരും മുട്ടുകുത്തി ശുശ്രൂഷകൻ നടത്തുന്ന ലിത്താനികളിൽ ഒന്നു ചൊല്ലുകയോ പാടുകയോ ചെയ്യാം. അല്ലെങ്കിൽ പ്രെസ്ബിറ്റർ സഭയ്ക്കും ലോകത്തിനുംവേണ്ടി സ്വന്ത വാക്കുകളിൽ മദ്ധ്യസ്ഥത അർപ്പിക്കാം.

## നമുക്കു പ്രാർത്ഥിക്കാം

|| ഒന്നാമത്തെ ലിത്താനി

സകല മനുഷ്യർക്കുംവേണ്ടി പ്രാർത്ഥനകളും യാചനകളും സ്തോത്രങ്ങളും അർപ്പിക്കണമെന്നു ഞങ്ങളെ ഉപദേശിച്ചിരിക്കുന്ന സർവ്വശക്തനായ ദൈവമേ, ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ കേൾക്കണമേ. സത്യത്തിന്റെയും ഒരുമയുടെയും ഐക്യത്തിന്റെയും ആത്മാവുകൊണ്ടു ലോകമെങ്ങുമുള്ള സഭയെ ഇടവിടാതെ ഉദ്യോഗിക്കുവാൻ നിനക്ക് ഇഷ്ടമുണ്ടാകണമേ.

**കർത്താവേ, ഞങ്ങളെ കേൾക്കണമേ എന്നു ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.**

(ഇപ്രകാരം ഓരോ അപേക്ഷയുടെയും പിന്നാലെ)

നിന്റെ പരിശുദ്ധനാമത്തെ ഏറ്റുപറയുന്ന എല്ലാവരും നിന്റെ വിശുദ്ധ വചനത്തിലെ സത്യത്തിൽ യോജിച്ച് ഒരുമയോടും സ്നേഹത്തോടും വസിക്കേണ്ടതിനും, ധൈര്യത്തോടും വിശ്വസ്തതയോടും അതിനു സാക്ഷ്യം വഹിക്കേണ്ടതിനും കൃപ നൽകുവാൻ നിനക്കിഷ്ടമുണ്ടാകണമേ.

**കർത്താവേ,** ............

സകല ജാതികളെയും നീതിയുടെയും സമാധാനത്തിന്റെയും മാർഗത്തിൽ നയിക്കുവാൻ നിനക്കിഷ്ടമുണ്ടാകണമേ.

**കർത്താവേ,** ............

ഞങ്ങളും സകല മനുഷ്യരും ദൈവഭക്തിയോടും സമാധാനത്തോടും ഭരിക്കപ്പെടേണ്ടതിന് എല്ലാ ഭരണാധികാരികളെയും വിശേഷാൽ ഞങ്ങളുടെ രാഷ്ട്രപതിയെയും പ്രധാനമന്ത്രിയെയും നിർമ്മലവും സമാധാനപരവുമായ ജ്ഞാനത്താൽ നടത്തുവാൻ നിനക്കിഷ്ടമുണ്ടാകണമേ.

**കർത്താവേ,** ............

സകല ബിഷപ്പന്മാരും പ്രെസ്ബിറ്റർമാരും ദിയാക്കോന്മാരും, വിശേഷാൽ..........എന്ന ഞങ്ങളുടെ മോഡറേറ്ററും.......... എന്ന ഉത്തരേന്ത്യാ സഭയുടെ മോഡറേറ്ററും.......... എന്ന മാർത്തോമ്മാ സഭയുടെ മെത്രാപ്പോലീത്തായും........എന്ന ഞങ്ങളുടെ ബിഷപ്പും; തങ്ങളുടെ നടപ്പുകൊണ്ടും ഉപദേശംകൊണ്ടും നിന്റെ സത്യവും ജീവനുമുള്ള വചനം പ്രസിദ്ധപ്പെടുത്തുവാനും, നിന്റെ വിശുദ്ധ സക്രമെന്തുകൾ ശരിയായും ക്രമമായും ആചരിപ്പാനും അവർക്കു കൃപ നൽകുവാൻ നിനക്കിഷ്ടമുണ്ടാകണമേ.

**കർത്താവേ,** .............

സുവിശേഷ പ്രയത്നത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും നടത്തി അനുഗ്രഹിക്കുവാനും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ആരോഗ്യകേന്ദ്രങ്ങളെയും ആതുരശാലകളെയും നിന്റെ ആത്മാവിനാൽ പ്രകാശിപ്പിക്കുവാനും നിനക്കിഷ്ടമുണ്ടാകണമേ.

**കർത്താവേ,** .............

നിന്റെ സ്വർഗീയ ആശീർവ്വാദത്താൽ ഞങ്ങൾ വരൾച്ചയിൽനിന്നും ക്ഷാമത്തിൽനിന്നും വിടുവിക്കപ്പെട്ടു ഭൂമിയുടെ ഫലങ്ങളെ അതതു സമയത്തു നന്ദിയോടെ അനുഭവിക്കുവാൻ തക്കവണ്ണം കൃപ നൽകുവാൻ നിനക്കിഷ്ടമുണ്ടാകണമേ.

**കർത്താവേ,** .............

നിന്റെ സകല ജനങ്ങളും, പ്രത്യേകം ഇവിടെ കൂടിയിരിക്കുന്ന ഈ സഭയും സൗമ്യഹൃദയത്തോടും നല്ല ഭക്തിയോടും നിന്റെ വിശുദ്ധവചനം കേട്ടു, കൈക്കൊണ്ടു, അവരുടെ ആയുസ്സിൻ നാളൊക്കെയും വിശുദ്ധിയിലും നീതിയിലും തങ്ങളുടെ വിവിധ വിളികളിൽ നിന്നെ സത്യമായി സേവിക്കുവാൻ അവർക്കു നിന്റെ സ്വർഗീയ കൃപ നൽകുവാൻ നിനക്കിഷ്ടമുണ്ടാകണമേ.

**കർത്താവേ,** .............

കർത്താവേ, സ്ഥിരമില്ലാത്ത ഈ ആയുസ്സിൽ ഉപദ്രവമോ, ദുഃഖമോ, ഞെരുക്കമോ, രോഗമോ, മറ്റു വല്ല അനർത്ഥമോ ഉള്ള എല്ലാവരെയും നിന്റെ നന്മകൊണ്ട് ആശ്വസിപ്പിച്ചു സഹായിക്കുവാൻ നിനക്കിഷ്ടമുണ്ടാകണമേ.

**കർത്താവേ,** ............

നിന്നിലുള്ള വിശ്വാസത്തോടും ഭയഭക്തിയോടും ഈ ആയുസ്സിനെ വിട്ടുപോയവരായ നിന്റെ എല്ലാ ദാസർക്കായും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവരോടുകൂടെ ഞങ്ങളും നിന്റെ സ്വർഗീയ രാജ്യത്തിന് ഓഹരിക്കാരാകേണ്ടതിന് അവരുടെ നല്ല ദൃഷ്ടാന്തങ്ങൾ പിന്തുടരുവാൻ ഞങ്ങൾക്കു കൃപ നൽകണമെന്നും ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

**കർത്താവേ,** ............

|| രണ്ടാമത്തെ ലിത്താനി

മേലിൽനിന്നുള്ള സമാധാനത്തിനുവേണ്ടിയും നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയും നമുക്കു കർത്താവിനോടു പ്രാർത്ഥിക്കാം.

**കർത്താവേ, കരുണയുണ്ടാകണമേ.**

(ഇപ്രകാരം ഓരോ അപേക്ഷയുടെയും പിന്നാലെ.)

ലോകസമാധാനത്തിനുവേണ്ടിയും, ദൈവത്തിന്റെ വിശുദ്ധസഭയുടെ ക്ഷേമത്തിനുവേണ്ടിയും, സകല മനുഷ്യരുടെയും ഐക്യത്തിനുവേണ്ടിയും നമുക്കു കർത്താവിനോടു പ്രാർത്ഥിക്കാം.

**കർത്താവേ, കരുണയുണ്ടാകണമേ.**

സഭാമേലദ്ധ്യക്ഷന്മാർക്കുവേണ്ടിയും, എല്ലാ ശുശ്രൂഷകർക്കുവേണ്ടിയും, വിശേഷാൽ..................... എന്ന നമ്മുടെ മോഡറേറ്റർക്കുവേണ്ടിയും................എന്ന ഉത്തരേന്ത്യാ സഭയുടെ മോഡറേറ്റർക്കുവേണ്ടിയും .................... എന്ന

മാർത്തോമ്മാ സഭയുടെ മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും....................എന്ന നമ്മുടെ ബിഷപ്പിനുവേണ്ടിയും, അവർ ശുദ്ധഹൃദയത്തോടും നല്ല മനസ്സാക്ഷിയോടുംകൂടെ തങ്ങളുടെ ശുശ്രൂഷയെ നിവർത്തിക്കേണ്ടതിനും നമുക്കു കർത്താവിനോടു പ്രാർത്ഥിക്കാം.

**കർത്താവേ, കരുണയുണ്ടാകണമേ.**

നമ്മുടെ രാജ്യത്തെ എല്ലാ ഭരണകർത്താക്കൾക്കുവേണ്ടിയും, അധികാരത്തിലുള്ള മറ്റെല്ലാവർക്കുവേണ്ടിയും നമുക്കു കർത്താവിനോടു പ്രാർത്ഥിക്കാം.

**കർത്താവേ, കരുണയുണ്ടാകണമേ.**

രോഗികൾക്കും കഷ്ടപ്പെടുന്നവർക്കും ദുഃഖിതർക്കും മരിക്കാറായവർക്കുംവേണ്ടി നമുക്കു കർത്താവിനോടു പ്രാർത്ഥിക്കാം.

**കർത്താവേ, കരുണയുണ്ടാകണമേ.**

അഗതികൾക്കും വിശന്നിരിക്കുന്നവർക്കും അനാഥർക്കും വിധവമാർക്കും പീഡ അനുഭവിക്കുന്നവർക്കും വേണ്ടി നമുക്കു കർത്താവിനോടു പ്രാർത്ഥിക്കാം.

**കർത്താവേ, കരുണയുണ്ടാകണമേ.**

അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നമ്മെ വിളിച്ചവന്റെ സദ്ഗുണങ്ങൾ ഘോഷിക്കുവാൻ നമുക്കുവേണ്ടിയും ക്രിസ്തുവിന്റെ നാമം ഏറ്റുപറയുന്ന ഏവർക്കുവേണ്ടിയും നമുക്കു കർത്താവിനോടു പ്രാർത്ഥിക്കാം.

**കർത്താവേ, കരുണയുണ്ടാകണമേ.**

ഈ ഭൂമിയിൽ ദൈവത്തെ സേവിച്ചു, ഇപ്പോൾ വിശ്രമിക്കുന്ന എല്ലാ ദൈവഭൃത്യരോടുംകൂടെ തന്റെ അന്തമില്ലാത്ത സന്തോഷത്തിന്റെ പൂർണ്ണതയിലേക്കു പ്രവേശിക്കുന്നതിനായി നമുക്കു കർത്താവിനോടു പ്രാർത്ഥിക്കാം.

**കർത്താവേ, കരുണയുണ്ടാകണമേ.**

|| മൂന്നാമത്തെ ലിത്താനി

നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ ലോകവ്യവസ്ഥിതിക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**കർത്താവേ, കനിയണമേ.**

(ഇപ്രകാരം ഓരോ അപേക്ഷയുടെയും പിന്നാലെ.)

നമ്മുടെ രാഷ്ട്രത്തിനും രാഷ്ട്രപതിക്കും മന്ത്രിമാർക്കും, ഗവൺമെന്റിൽ സേവനം ചെയ്യുന്ന എല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, കനിയണമേ.**

പാടങ്ങളിലും പണിശാലകളിലും വ്യവസായ സ്ഥാപനങ്ങളിലും ഖനികളിലും പ്രവർത്തിക്കുന്നവർക്കുവേണ്ടിയും തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി കായികമായി അദ്ധ്വാനിക്കുന്ന എല്ലാ തൊഴിലാളികൾക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, കനിയണമേ.**

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ശാസ്ത്രജ്ഞന്മാർക്കും കലാകാരന്മാർക്കും കരകൗശല പ്രവർത്തനങ്ങളിലും ആതുരശുശ്രൂഷയിലും ..........................ഏർപ്പെട്ടിരിക്കുന്നവർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, കനിയണമേ.**

കഷ്ടതയനുഭവിക്കുന്നവർക്കും ദരിദ്രർക്കും അനാഥർക്കും മർദിതർക്കും രോഗികൾക്കും മരണത്തോടു സമീപിച്ചിരിക്കുന്നവർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, കനിയണമേ.**

ദൈവജനത്തിന്റെ ഐക്യത്തിനുവേണ്ടിയും, ലോകത്തിൽ അവരുടെ സേവനത്തിനും സഖ്യത്തിനും വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, കനിയണമേ.**

സൺഡേസ്കൂൾ, യുവജനസഖ്യം, സ്ത്രീജനസഖ്യം, അത്മായ സംഘടന, ഗായക സംഘം, വൈദിക സെമിനാരികൾ, സുവിശേഷസംഘങ്ങൾ, ആശ്രമങ്ങൾ, സിസ്റ്റർഹുഡ് എന്നിവയ്ക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, കനിയണമേ.**

സഭാമേലദ്ധ്യക്ഷന്മാർക്കുവേണ്ടിയും, മറ്റെല്ലാ ശുശ്രൂഷകർക്കുവേണ്ടിയും, വിശേഷാൽ...................... എന്ന ഞങ്ങളുടെ മോഡറേറ്റർക്കുവേണ്ടിയും................എന്ന ഉത്തരേന്ത്യാ സഭയുടെ മോഡറേറ്റർക്കുവേണ്ടിയും..................എന്ന മാർത്തോമ്മാ സഭയുടെ മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും ...................എന്ന ഞങ്ങളുടെ ബിഷപ്പിനുവേണ്ടിയും - അവർ അവരുടെ വിവിധ ശുശ്രൂഷകളിൽ വിശ്വസ്തരായിരിക്കുന്നതിനുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, കനിയണമേ.**

അന്ധകാരത്തിൽനിന്നു ഞങ്ങളെ തന്റെ അദ്ഭുതപ്രകാശത്തിലേക്കു വിളിച്ചവന്റെ നന്മയും ശക്തിയും ഘോഷിക്കുന്നതിനായി ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു.

**കർത്താവേ, കനിയണമേ.**

ഈ ലോകത്തിൽ വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചു മരിച്ചവരോടുകൂടെ നിന്റെ സന്നിധിയിൽ ഞങ്ങ ളും നിത്യാനന്ദം അനുഭവിക്കേണ്ടതിനും ഞങ്ങൾ പ്രാർത്ഥി ക്കുന്നു.

**കർത്താവേ, കനിയണമേ.**

നമുക്കു പ്രാർത്ഥിക്കാം

സകല ജ്ഞാനത്തിന്റെയും ഉറവയാകുന്ന ദൈവമേ, ഞങ്ങൾ ചോദിക്കുന്നതിനു മുമ്പെതന്നെ ഞങ്ങളുടെ ആവ ശ്യങ്ങൾ നീ ഗ്രഹിച്ചിരിക്കുന്നു. ചോദിക്കുന്നതിലുള്ള ഞങ്ങളുടെ അജ്ഞതയും നീ അറിയുന്നു. ഞങ്ങളുടെ അയോഗ്യതമൂലം പല കാര്യങ്ങളും നിന്നോടു ചോദിക്കു വാൻ ഞങ്ങൾ തുനിയുന്നില്ല. ഞങ്ങളുടെ അന്ധതമൂലം പല ആവശ്യങ്ങളും തിരുമുമ്പാകെ സമർപ്പിക്കുവാൻ കഴി യുന്നതുമില്ല. എന്നാൽ ഞങ്ങളുടെ ബലഹീനതകളിൽ മന സ്സലിവുണ്ടായി, ഞങ്ങൾക്കാവശ്യമുള്ളതെല്ലാം ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ യോഗ്യതമൂലം ഞങ്ങൾക്കു തരുവാൻ ഇഷ്ടമുണ്ടാകണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ആമെൻ.

**അല്ലെങ്കിൽ ഇത്**

സർവ്വശക്തനായ കർത്താവേ, നിന്റെ ആത്മാവ് ശരീര മാകുന്ന സഭയെ മുഴുവനും ഭരിച്ചു ശുദ്ധീകരിക്കുന്നു വല്ലോ. നിന്റെ വിശുദ്ധ സഭയിലെ എല്ലാവിധത്തിലുമുള്ള ജനങ്ങൾക്കുംവേണ്ടി ഞങ്ങൾ കഴിക്കുന്ന അപേക്ഷകളും പ്രാർത്ഥനകളും കൈക്കൊള്ളണമേ. അതിലുള്ള ഓരോ രുത്തനും അവനവന്റെ വിളിയിലും ശുശ്രൂഷയിലും നിന്നെ സത്യത്തോടും ഭക്തിയോടും സേവിക്കേണ്ടതിനു ഞങ്ങ ളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു മൂലം കൃപ അരുളണമേ. ആമെൻ.

അതിന്റെശേഷം പ്രെസ്ബിറ്റർ ഒന്നാം ആശീർവ്വാദം നൽകണം.

**നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ. ആമെൻ.**

"നിങ്ങളോടു" എന്നതിനു പകരം " നമ്മോടു" എന്നു പറയാം.

ദാനാർപ്പണത്തിന് എല്ലാവരും നിൽക്കണം. അപ്പോൾ പ്രെസ്ബിറ്റർ പറയേണ്ടതു:

## അപ്പം നുറുക്കൽ

ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു.
സങ്കീ. 133: 1

അപ്പം ഒന്ന് ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ. 1 കൊരി. 10: 17

**ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും. ഞാൻ കർത്താവിനു പാടി കീർത്തനം ചെയ്യും.**
സങ്കീ. 27: 6

സമാധാനത്തിന്റെ അടയാളമായ കയ്യസൂരി ഈ സമയത്തു കൊടുക്കാവുന്നതാണ്.

ഇപ്പോൾ ഒരു പാട്ടു പാടണം. വിശുദ്ധ സംസർഗത്തിനുള്ള അപ്പവും വീഞ്ഞും കൊണ്ടുവരികയും അതോടുകൂടെ ജനങ്ങളുടെ ദാനങ്ങൾ മുമ്പോട്ടു കൊണ്ടുവന്നു മേശയിന്മേൽ വയ്ക്കുകയും വേണം. പ്രാർത്ഥനയുടെ സമയത്തു ദാനങ്ങൾ കൊണ്ടുവരുന്നവർ മേശയുടെ മുമ്പാകെ നിൽക്കണം.

എല്ലാവരും നിൽക്കുമ്പോൾ പ്രെസ്ബിറ്റർ പറയേണ്ടതു:

നിന്റെ പ്രിയപുത്രന്റെ രക്തത്താൽ നിന്റെ കൃപാസനത്തിലേക്കുള്ള പുതുവഴിയെ പ്രതിഷ്ഠിച്ചിരിക്കുന്ന പരി

ശുദ്ധ പിതാവേ, അവൻ മുഖാന്തരം അയോഗ്യരായ ഞങ്ങൾ നിങ്കലേക്ക് അടുത്തുവരുന്നു. സ്വർഗത്തിലും ഭൂമിയിലുമുള്ളതെല്ലാം നിനക്കുള്ളതല്ലോ. നിന്റെ കൈയിൽനിന്നു വാങ്ങി ഞങ്ങൾ നിനക്കു തരുന്നതേയുള്ളൂ. ഞങ്ങളെയും ഞങ്ങളുടെ ഈ ദാനങ്ങളെയും നീ കൈക്കൊണ്ടു നിന്റെ മഹത്വത്തിനായി ഉപയോഗിക്കണമെന്നു താഴ്മയോടെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ആമെൻ.

ദാനങ്ങൾ എടുത്തുകൊണ്ടു വന്നവർ ഇപ്പോൾ അവരവരുടെ സ്ഥലത്തേക്കു പോകണം.

പ്രെസ്ബിറ്ററും ജനങ്ങളും മുട്ടുകുത്തി എല്ലാവരും ചേർന്നു ചൊല്ലേണ്ടതു:

**യേശുവേ, ശ്രേഷ്ഠമഹാപുരോഹിതനായുള്ളോവേ, നിന്റെ ശിഷ്യന്മാരുടെ നടുവിൽ നീ സന്നിഹിതനായിരുന്നതുപോലെ ഞങ്ങളുടെ മദ്ധ്യത്തിലും വന്ന് അപ്പം നുറുക്കുന്നതിൽ നിന്നെത്തന്നെ ഞങ്ങൾക്കു വെളിപ്പെടുത്തിത്തരേണമെന്നു പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചു വാഴുന്ന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമെൻ.**

പ്രെസ്ബിറ്റർ ഇപ്പോൾ എഴുന്നേറ്റു നിൽക്കണം.

കർത്താവ് നിങ്ങളോടുകൂടെ ഇരിക്കട്ടെ.

**നിങ്ങളോടുകൂടെയും.**

നിങ്ങളുടെ ഹൃദയങ്ങളെ ഉയർത്തുവിൻ.

**ഞങ്ങൾ അവയെ കർത്താവിങ്കലേക്ക് ഉയർത്തുന്നു.**

നമ്മുടെ ദൈവമായ കർത്താവിനു നമുക്കു സ്തോത്രം ചെയ്യാം.

**അങ്ങനെ ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു.**

പരിശുദ്ധ കർത്താവേ, സർവ്വശക്തനായ പിതാവേ, നിത്യ ദൈവമേ, ഞങ്ങൾ എല്ലാ കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലും നിനക്കു സ്തോത്രം ചെയ്യുന്നത് ഏറ്റവും യുക്തവും ന്യായവും ഞങ്ങൾ ചെയ്യേണ്ടുന്ന മുറയുമാകുന്നു. *നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തു മൂലമായിട്ടുതന്നെ; അവൻ മുഖാന്തരം നീ ആകാശവും ഭൂമിയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി, മനുഷ്യനെ നിന്റെ സ്വന്ത സാദൃശ്യത്തിൽ നിർമ്മിക്കുകയും ചെയ്തു. അവൻ പാപത്തിൽ വീണപ്പോൾ പുതിയ സൃഷ്ടിയുടെ ആദ്യഫലമാകേണ്ടതിന് അവനെ വീണ്ടെടുക്കുകയും ചെയ്തു.

---

## കാലോചിത അവതാരികകൾ

### ആഗമനം

ക്രിസ്മസ്സിനു മുമ്പു നാലാം ഞായറാഴ്ചയും ക്രിസ്മസ്സിന്റെ തലേനാൾ വരെയും.

നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുക്രിസ്തു മൂലമായിട്ടുതന്നെ. അവൻമൂലം ലോകത്തിന്മേൽ പ്രശോഭിക്കുവാൻ ഒരു പുതിയ പ്രകാശത്തെ നീ ലോക

---

* ഇതു മുതൽ ഉള്ള വാക്കുകൾക്കുപകരം സഭാവർഷത്തിന്റെ കാലമനുസരിച്ചുള്ള വേറൊരു കാലോചിത അവതാരിക ഉപയോഗിക്കാവുന്നതാണ്.

ത്തിലേക്ക് അയച്ചുവല്ലോ. അവൻ ലോകത്തെ നീതിയിൽ ന്യായം വിധിക്കുവാൻ വീണ്ടും വരുമ്പോൾ, ആ പ്രകാശ ത്തിൽ സന്തോഷിക്കുന്നവരായ ഞങ്ങൾ ഞങ്ങളുടെ പാപ ങ്ങളിൽനിന്നു വെടിപ്പാക്കപ്പെട്ടിട്ടു ഭയം കൂടാതെ കണ്ടെത്ത പ്പെടേണ്ടതിനുതന്നെ.

## ക്രിസ്മസ്

ക്രിസ്മസ് നാളിലും മഹത്വപ്രകാശനാളോ ക്രിസ്മസ്സിനു പിമ്പുള്ള രണ്ടാം ഞായറാഴ്ചയോ വരെയും.

ദൈവമക്കളാകുവാൻ അവൻമൂലം ഞങ്ങൾക്ക് അധി കാരമുണ്ടാകേണ്ടതിനു നിന്റെ ഏകപുത്രനായ യേശു ക്രിസ്തുവിനെ ഞങ്ങൾക്കുവേണ്ടി മറിയയിൽ ജനിക്കു വാൻ നീ തന്നതിനാൽ പ്രത്യേകമായി ഈ കാലത്തു ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

### മഹത്വപ്രകാശം

ജനുവരി 6-ാം തീയതി, അല്ലെങ്കിൽ ക്രിസ്മസ്സിനു പിമ്പ് രണ്ടാം ഞായ റാഴ്ചയും പിന്നീടുള്ള ഏഴു ദിവസങ്ങളിലും.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം തന്നെ. അവൻ എല്ലാ മനുഷ്യരെയും അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു കൊണ്ടുവരേണ്ടതിനു മർത്യശരീരത്തിൽ നിന്റെ മഹത്വം പ്രത്യക്ഷപ്പെടുത്തി.

## നോമ്പ്

ചാമ്പൽ ബുധനാഴ്ചയും ഉയിർപ്പിനു മുമ്പുള്ള രണ്ടാം ഞായറാഴ്ച വരെയും.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം തന്നെ. അവൻ ഞങ്ങളെപ്പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടെ ങ്കിലും പാപം ഇല്ലാത്തവനായിരുന്നു. അവന്റെ കൃപയാൽ

എല്ലാ പാപവികാരങ്ങളെയും കീഴ്പ്പെടുത്തുവാനും ഇനിയും ഞങ്ങൾക്കുവേണ്ടിയല്ല, ഞങ്ങൾക്കായി മരിച്ചു വീണ്ടും ഉയിർത്തെഴുന്നേറ്റവനുവേണ്ടി ജീവിക്കുവാനും അവൻ ഞങ്ങളെ പ്രാപ്തിപ്പെടുത്തുകയും ചെയ്യുന്നു.

## പീഡാനുഭവ കാലം

ഉയിർപ്പിനു മുമ്പ് രണ്ടാം ഞായറാഴ്ചയും ഹോശാന ഞായറാഴ്ച ഒഴികെ ഉയിർപ്പിനുമുമ്പുള്ള വ്യാഴാഴ്ച വരെയും.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം തന്നെ. അവൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടു സകല മനുഷ്യരെയും തങ്കലേക്കാകർഷിക്കേണ്ടതിന് അവൻ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളംതന്നെ അനുസരണമുള്ളവനായിത്തീർന്നു.

## ഹോശാന ഞായറാഴ്ച

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം തന്നെ. അവൻ നിന്റെ കൃപയാൽ തിരുവെഴുത്തുകളിൽ തന്നെക്കുറിച്ചുള്ള സകല പ്രവചനങ്ങളും ബേത്‌ലഹേമിലെ ജനനംമുതൽ യെരൂശലേമിലേക്കുള്ള പ്രവേശനം വരെയും നിവർത്തിച്ചു. കുരുത്തോലയും ഹോശാനയുമായി അവനെ എതിരേറ്റ എല്ലാവരോടും ചേർന്നു ഞങ്ങളും ഇപ്പോൾ അവനെ വാഴ്ത്തുന്നു.

## പെസഹാ വ്യാഴാഴ്ച

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം തന്നെ. അവൻ ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചിട്ട് അവസാനത്തോളം അവരെ സ്നേഹിച്ചു. ഞങ്ങൾ അവന്റെ കഷ്ടാനുഭവങ്ങളുടെ പ്രയോജനങ്ങൾ കൈക്കൊണ്ടും അവന്റെ ഉയിർത്തെഴുന്നേൽപ്പിനാൽ ജീവിപ്പിക്കപ്പെട്ടും

അവന്റെ ദിവ്യസ്വഭാവത്തിന്റെ കൂട്ടാളികളാകേണ്ടതിനും ദൈവത്തിന്റെ പൂർണ്ണ നിറവോളം നിറയപ്പെടേണ്ടതിനും അവന്റെ കഷ്ടാനുഭവങ്ങളുടെ തലേരാത്രിയിൽ ഈ വിശുദ്ധ മർമ്മങ്ങളെ നിയമിക്കുകയും ചെയ്തു.

## ഉയിർപ്പ്

ഉയിർപ്പുദിവസവും സ്വർഗാരോഹണം വരെയും.

എന്നാൽ നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ മഹത്വമുള്ള പുനരുത്ഥാനത്തിനായി ഞങ്ങൾ പ്രത്യേകം നിന്നെ സ്തുതിക്കേണ്ടതാകുന്നു. അവൻ തന്റെ മരണംകൊണ്ടു മരണത്തെ നശിപ്പിക്കുകയും അവന്റെ ഉയിർത്തെഴുന്നേൽപ്പിനാൽ ഞങ്ങൾക്കു ജീവൻ വീണ്ടും നൽകുകയും ചെയ്തിരിക്കുന്നു.

### സ്വർഗാരോഹണം

സ്വർഗാരോഹണനാളിലും പെന്തെക്കൊസ്തു വരെയും.

എന്നാൽ ഉയരത്തിലേക്കു കയറി ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഏകമദ്ധ്യസ്ഥനായിരിക്കുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനായി ഞങ്ങൾ പ്രത്യേകം നിന്നെ സ്തുതിക്കേണ്ടതാകുന്നു. തന്റെ ദൈവത്വത്തിന്റെ കൂട്ടായ്മയിലേക്കു ഞങ്ങളെ കൊണ്ടുവരുവാൻ നിന്നോടുകൂടെ അവന് ഉണ്ടായിരുന്ന മഹത്വത്തിലും ഞങ്ങളിൽ നിന്ന് അവൻ കൈക്കൊണ്ട ആ പ്രകൃതിയിലും അവൻ എന്നും അധിവസിക്കുന്നുവല്ലോ.

### പെന്തെക്കൊസ്ത്

പെന്തെക്കൊസ്തുനാളിലും ത്രിത്വ ഞായറാഴ്ചവരെയും; സിനഡിന്റെയും ഡയോസിസൻ കൗൺസിലുകളുടെയും സമ്മേളനങ്ങളിലും.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം തന്നെ. അവന്റെ വാഗ്ദത്തപ്രകാരം പരിശുദ്ധാത്മാവ് സ്വർഗ

ത്തിൽനിന്നു താണിറങ്ങി ശിഷ്യന്മാരെ ഉപദേശിക്കുവാനും സകല സത്യത്തിലേക്കും അവരെ വഴിനടത്തുവാനും അവരുടെമേൽ ഇരിക്കുകയും, സകല ജാതികളോടും നിരന്തരമായി സുവിശേഷം പ്രസംഗിക്കുവാൻ അവർക്കു ഭാഷാവരവും ഉജ്ജ്വല തീക്ഷ്ണതയോടുകൂടിയ ധൈര്യവും നൽകി.

## ത്രിത്വ ഞായറാഴ്ച

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം തന്നെ. അവൻ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവവും, സാരാംശത്തിൽ ഒന്നും, അധികാരത്തിലും മഹത്വത്തിലും തുല്യനുമാകുന്നു.

## വിശുദ്ധന്മാർ

നവംബർ 1-ാം തീയതിയിലും ഒരു വിശുദ്ധന്റെ സ്മരണ കൊണ്ടാടുന്നതിനു നിയമിക്കപ്പെട്ട ഒരു ദിവസത്തിലും അതിനെത്തുടർന്നുള്ള ഏഴു ദിവസങ്ങളിലും.

സാക്ഷികളുടെ ഇത്ര വലിയ സമൂഹം ചുറ്റും നിൽക്കുന്നതുകൊണ്ടു ഞങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടേണ്ടതിനും അവരോടുകൂടെ മഹത്വത്തിന്റെ വാടാത്ത കിരീടം പ്രാപിക്കേണ്ടതിനും, നിന്റെ വിശുദ്ധന്മാരുടെ നീതിയിൽ ഞങ്ങൾക്കു ദൈവഭക്തിയുള്ള നടപ്പിന്റെ ഒരു ദൃഷ്ടാന്തവും അവരുടെ സൗഭാഗ്യത്തിൽ ഞങ്ങളുടെ വിളിയുടെ പ്രത്യാശയ്ക്ക് ഒരു മഹത്വമേറിയ ഉറപ്പും അവൻ ഞങ്ങൾക്കു നൽകിയിരിക്കുന്നു.

## ദൈവാലയ പ്രതിഷ്ഠ

ഒരു പള്ളിയുടെ പ്രതിഷ്ഠയിലോ, അതിന്റെ വാർഷികത്തിലോ.

എന്തെന്നാൽ സ്വർഗാധിസ്വർഗംകൂടെ നിന്റെ ഇരിപ്പിടം ആകുന്നതിനു മതിയാകാത്തതും സർവ്വ ലോകവും നിന്റെ

മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നതും ആയിരിക്കെ നിന്റെ ആരാധനയ്ക്കായി പ്രത്യേക സ്ഥലങ്ങളെ നീ ശുദ്ധീകരിക്കുകയും നിന്റെ വിശ്വാസമുള്ള ജനങ്ങളുടെമേൽ കൃപാദാനങ്ങൾ ചൊരിയുകയും ചെയ്യുന്നുവല്ലോ.

### ദിയാക്കോനു പട്ടം കൊടുക്കുന്ന ശുശ്രൂഷ

ശുശ്രൂഷ ചെയ്യിക്കുവാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവൻ മറുവിലയായി കൊടുക്കുവാനും വന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം തന്നെ.

### പ്രെസ്ബിറ്റർക്കു പട്ടം കൊടുക്കുന്ന ശുശ്രൂഷ/ ബിഷപ്പിന്റെ പട്ടാഭിഷേക ശുശ്രൂഷ

പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നു പറഞ്ഞു തന്റെ ശിഷ്യന്മാർക്ക് അധികാരം നൽകിയ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലമായിട്ടു തന്നെ.

---

**അതുകൊണ്ടു ദൈവദൂതന്മാരോടും പ്രധാന ദൈവദൂതന്മാരോടും സ്വർഗത്തിലെ സകല സംഘത്തോടുംകൂടെ ഞങ്ങൾ എപ്പോഴും നിന്നെ സ്തുതിച്ചും, സൈന്യങ്ങളുടെ ദൈവമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും നിന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു. മഹോന്നതനായ കർത്താവേ, നിനക്കു മഹത്വം എന്നു ചൊല്ലിയും നിന്റെ മഹത്വമുള്ള നാമത്തെ പുകഴ്ത്തി മഹത്വപ്പെടുത്തുന്നു. ആമെൻ.**

**കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉന്നതങ്ങളിൽ സ്തുതി.**

സ്വർഗസ്ഥപിതാവേ, നീ സത്യമായി പരിശുദ്ധനാകുന്നു. നീ സത്യമായി വാഴ്ത്തപ്പെട്ടവനാകുന്നു. മനുഷ്യവർഗത്തോടുള്ള നിന്റെ ആർദ്രസ്നേഹംകൊണ്ടു നിന്റെ ഏകപുത്രനായ യേശുക്രിസ്തുവിനെ ഞങ്ങളുടെ മനുഷ്യസ്വഭാവം എടുക്കുവാനും ഞങ്ങളുടെ വീണ്ടെടുപ്പിനായി കുരിശിന്മേൽ മരണം അനുഭവിക്കുവാനും തന്നുവല്ലോ. അവൻ ഒരിക്കലായി തന്നെത്തന്നെ ഏക വഴിപാടായി അർപ്പിച്ചതിനാൽ സർവ്വലോകത്തിന്റെയും പാപങ്ങൾക്കായിട്ടു തികവായി, പൂർണ്ണമായി, മതിയാകുന്ന യാഗവും വഴിപാടും പ്രതിശാന്തിയും തികെക്കയും, താൻ വീണ്ടും വരുവോളം തന്റെ വിലയേറിയ മരണത്തെക്കുറിച്ച് ഇടവിടാതുള്ള ഓർമ്മയെ നിയമിക്കയും, അതിനെ എപ്പോഴും ആചരിക്കണമെന്നു തന്റെ വിശുദ്ധ സുവിശേഷത്തിൽ ഞങ്ങളോടു കല്പിക്കയും ചെയ്തുവല്ലോ. അവൻ താൻ ഒറ്റിക്കൊടുക്കപ്പെട്ട ആ രാത്രിയിൽതന്നെ അപ്പം എടുത്തു * [*ഇവിടെ പീലാസാ കൈയിൽ എടുക്കണം.] സ്തോത്രം ചൊല്ലി, അതിനെ നുറുക്കി, തന്റെ ശിഷ്യന്മാർക്കു കൊടുത്തു പറഞ്ഞു: വാങ്ങി, ഭക്ഷിക്കുവിൻ. ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ. അത്താഴം കഴിഞ്ഞതിന്റെശേഷം അപ്രകാരംതന്നെ അവൻ പാനപാത്രം എടുത്തു* [* ഇവിടെ കാസാ കൈയിൽ എടുക്കണം] സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു പറഞ്ഞു: നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ; എന്തെന്നാൽ ഇതു നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും പാപമോചനത്തി

നായിട്ടു ചൊരിയപ്പെടുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തമാകുന്നു. നിങ്ങൾ ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.

**ആമെൻ, കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ കൊണ്ടാടുന്നു. നിന്റെ ഉയിർപ്പിനെ ഞങ്ങൾ ഏറ്റുപറയുന്നു. നിന്റെ രണ്ടാമത്തെ വരവിനെ ഞങ്ങൾ കാത്തിരിക്കുന്നു. നിനക്കു മഹത്വമുണ്ടാകട്ടെ.**

അതുകൊണ്ടു പിതാവേ, ഞങ്ങളുടെ കർത്താവായ നിന്റെ പുത്രന്റെ വിലയേറിയ മരണവും കഷ്ടപ്പാടും അവന്റെ മഹത്വമുള്ള പുനരുത്ഥാനവും സ്വർഗാരോഹണവും ഓർത്തുകൊണ്ടും, അവനിൽ നീ ഞങ്ങൾക്കായി സമ്പാദിച്ച പൂർണ്ണവീണ്ടെടുപ്പിനായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്തുകൊണ്ടും, അവൻ കല്പിച്ചപ്രകാരം അവൻ വരുവോളം, അവന്റെ ഓർമ്മയ്ക്കായി നിന്റെ ദാസരായ ഞങ്ങൾ ഇതു ചെയ്യുന്നു.

**കർത്താവായ ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു; ഞങ്ങൾ നിന്നെ മഹിമപ്പെടുത്തുന്നു.**

കരുണയുള്ള പിതാവേ, ഞങ്ങളെയും നിന്റെ ഈ ദാനങ്ങളായ അപ്പത്തെയും വീഞ്ഞിനെയും നിന്റെ പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിച്ചു, ഞങ്ങൾ മുറിക്കുന്ന ഈ അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയും ഞങ്ങൾ

വാഴ്ത്തുന്ന ഈ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയും ആകേണ്ടതിനു കൃപ നൽകണമെന്നു ഞങ്ങൾ താഴ്മയോടെ അപേക്ഷിക്കുന്നു. അങ്ങനെ അവനിൽ യോജിപ്പിക്കപ്പെട്ടു ഞങ്ങൾ എല്ലാവരും വിശ്വാസത്തിന്റെ ഐക്യം പ്രാപിച്ചു ഞങ്ങളുടെ കർത്താവാകുന്ന മശിഹാ എന്ന തലയാകുന്ന അവങ്കലേക്കു സകലത്തിലും വളരേണ്ടതിനു കൃപ നൽകണമേ. അവൻ മൂലമായും അവനോടുകൂടെയും പരിശുദ്ധാത്മാവിന്റെ ഐക്യത്തിൽ സർവ്വശക്തനായ പിതാവേ, നിനക്കു സകല ബഹുമാനവും മഹത്വവും കാലാവസാനംകൂടാതെ ഉണ്ടായിരിക്കട്ടെ. ആമെൻ.

ഇവിടെ പ്രെസ്ബിറ്റർ മുട്ടുകുത്തണം.

നമ്മുടെ രക്ഷിതാവായ ക്രിസ്തു ആജ്ഞാപിക്കുകയും പഠിപ്പിക്കുകയും ചെയ്തപ്രകാരം നാം ധൈര്യത്തോടെ പ്രാർത്ഥിച്ചു ചൊല്ലുന്നു:

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമെ; നിന്റെ രാജ്യം വരേണമെ; നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരണമെ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമെ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നും ഞങ്ങളെ വിടുവിക്കണമെ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. ആമെൻ.**

അനന്തരം എല്ലാവരും മുട്ടുകുത്തിയിരിക്കുമ്പോൾ അല്പനേരം മൗനമായിരിക്കണം.

കരുണയുള്ള കർത്താവേ, ഞങ്ങൾ നിന്റെ പല വിധമായുള്ള വലിയ കരുണകളിൽ അല്ലാതെ ഞങ്ങളുടെ സ്വന്തനീതിയിൽ ആശ്രയിച്ചുകൊണ്ടു നിന്റെ ഈ മേശയിങ്കലേക്കു വരുവാൻ തുനിയുന്നില്ല. ഞങ്ങൾ നിന്റെ മേശയിൽ നിന്നു വീഴുന്ന അപ്പനുറുക്കുകൾപോലും അനുഭവിക്കുവാൻ യോഗ്യതയുള്ളവരല്ല, എന്നാൽ നീ എപ്പോഴും കരുണ ചെയ്യുന്ന സ്വഭാവമുള്ള കർത്താവുതന്നെ ആകുന്നു. അതുകൊണ്ടു കൃപയുള്ള കർത്താവേ, ഞങ്ങളുടെ പാപശരീരങ്ങളും ആത്മാക്കളും നിന്റെ ഇഷ്ടപുത്രനായ യേശുക്രിസ്തുവിന്റെ ഏറ്റവും വിലയേറിയ ശരീരത്താലും രക്തത്താലും ശുദ്ധീകരിക്കപ്പെടുവാനും ഞങ്ങൾ അവനിലും അവൻ ഞങ്ങളിലും എപ്പോഴും വസിക്കുവാനും ഞങ്ങൾ അവന്റെ മാംസം ഭക്ഷിക്കയും അവന്റെ രക്തം കുടിക്കയും ചെയ്യേണ്ടതിനു ഞങ്ങൾക്കു കൃപ തരേണമേ. ആമെൻ.

അനന്തരം പ്രെസ്ബിറ്റർ എഴുന്നേറ്റു മൗനമായിട്ടോ, താഴെയുള്ള വാക്കുകൾ പറഞ്ഞുകൊണ്ടോ അപ്പം നുറുക്കേണ്ടതാണു:

നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? 1കൊരി. 10: 16

അല്ലെങ്കിൽ

ദൈവത്തിൽനിന്നുള്ളവ ദൈവജനങ്ങൾക്കു.

|| അല്ലെങ്കിൽ മൗനമായിട്ടു അപ്പം നുറുക്കാം.

ശുശ്രൂഷകരും ജനങ്ങളും ഇപ്പോൾ അപ്പവും വീഞ്ഞും കൈക്കൊള്ളാം. കൊടുക്കുമ്പോൾ ഈ വാക്കുകൾ ഉപയോഗിക്കാം:

ജീവന്റെ അപ്പമാകുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ശരീരം.

സത്യമുന്തിരിവള്ളിയായ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ രക്തം.

|| അല്ലെങ്കിൽ വേറെ വാക്കുകൾ.

ഈ സമയത്ത് ഈ വാക്കുകൾ ചൊല്ലുകയോ പാടുകയോ ചെയ്യാം.

**ലോകത്തിന്റെ പാപത്തെ ചുമന്നെടുക്കുന്നവനായ ദൈവത്തിന്റെ കുഞ്ഞാടേ, ഞങ്ങളോടു കരുണയുണ്ടാകണമെ. ലോകത്തിന്റെ പാപത്തെ ചുമന്നെടുക്കുന്നവനായ ദൈവത്തിന്റെ കുഞ്ഞാടേ, ഞങ്ങളോടു കരുണയുണ്ടാകണമെ. ലോകത്തിന്റെ പാപത്തെ ചുമന്നെടുക്കുന്നവനായ ദൈവത്തിന്റെ കുഞ്ഞാടേ, നിന്റെ സമാധാനം ഞങ്ങൾക്കു നൽകണമേ.**

|| അല്ലെങ്കിൽ വേറെ പാട്ടു പാടാം.

എല്ലാവരും പങ്കുകൊണ്ടശേഷം പ്രെസ്ബിറ്റർ പറയേണ്ടതു:

ഇപ്പോൾ ക്രിസ്തുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും സക്രമെന്തു വിശ്വാസത്താൽ കൈക്കൊണ്ട നമുക്കു ദൈവത്തിനു സ്തോത്രം ചെയ്യാം.

അതിന്റെശേഷം താഴെയുള്ള പ്രാർത്ഥനകളിൽ ഒന്നു പ്രെസ്ബിറ്റർ തനിച്ചോ എല്ലാവരും ചേർന്നോ ചൊല്ലുകയോ പാടുകയോ ചെയ്യാം.

സർവ്വശക്തനായ ദൈവമേ, സ്വർഗസ്ഥപിതാവേ, നിന്റെ വാത്സല്യപുത്രനും ഞങ്ങളുടെ കർത്താവുമായ യേശു മശിഹായിൽ ഞങ്ങളെ നിന്റെ മക്കളായി നീ സ്വീകരിച്ചിരിക്കുന്നുവല്ലോ. അവന്റെ മഹാ വിലയേറിയ ശരീരവും രക്തവുമാകുന്ന ആത്മീയ ആഹാരംകൊണ്ടു നീ ഞങ്ങളെ പോഷിപ്പിച്ചു, ഞങ്ങൾക്കു പാപമോചനവും നിത്യജീവനെക്കുറിച്ചുള്ള വാഗ്ദാനവും നൽകിയിരിക്കുന്നു. നിന്റെ ഈ വിലതീരാത്ത ഉപകാരങ്ങൾക്കായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്തു നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ ഞങ്ങളെത്തന്നെ- ഞങ്ങളുടെ ശരീരങ്ങളും ആത്മാക്കളും ജീവനും വിശുദ്ധിയുമുള്ള യാഗമായി നിനക്കു സമർപ്പിക്കുന്നു. അതാകുന്നുവല്ലോ ഞങ്ങളുടെ ഏറ്റവും ഉചിതമായ ആരാധന. ഞങ്ങൾ ഈ ലോകത്തിന് അനുരൂപരാകാതെ, നല്ലതും പൂർണ്ണവുമായ ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടേണ്ടതിനു സഹായിക്കേണമേ. അങ്ങനെ ഞങ്ങൾ ഭൂമിയിൽ നിന്നെ അനുസരിച്ച് ഒടുവിൽ നിന്റെ സ്വർഗീയ രാജ്യത്തിൽ നിന്റെ സകല വിശുദ്ധരോടുംകൂടെ സന്തോഷിക്കേണ്ടതിനു കൃപയരുളണമെന്നും നിന്നോടപേക്ഷിക്കുന്നു. അവൻ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ഏക ദൈവമായി ജീവിച്ചുവാഴുന്നുവല്ലോ. ആമേൻ.

|| അല്ലെങ്കിൽ ഇത്

സർവ്വശക്തനും നിത്യനുമായ ദൈവമേ, ഈ വിശുദ്ധ മർമ്മങ്ങൾ ക്രമമായി കൈക്കൊണ്ടിരിക്കുന്ന ഞങ്ങളെ നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുമശി ഹായുടെ മഹാ വിലയേറിയ ശരീരവും രക്തവുമാകുന്ന ആത്മീയ ആഹാരംകൊണ്ടു പോഷിപ്പിക്കുവാൻ നിനക്ക് ഇഷ്ടം തോന്നുകകൊണ്ടു ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. അതിനാൽ ഞങ്ങളിലേക്കു നിനക്കുള്ള കൃപ യെയും നന്മയെയുംകുറിച്ചു നീ ഞങ്ങൾക്ക് ഉറപ്പു നൽകി യിരിക്കുന്നതിനായും ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ഞങ്ങൾ സകല വിശ്വാസികളുടെയും അനുഗ്രഹിക്കപ്പെട്ട കൂട്ടമായ നിന്റെ പുത്രന്റെ ജ്ഞാനശരീരത്തിലേക്കു ചേർക്കപ്പെട്ട സാക്ഷാൽ അവയവങ്ങളാകുന്നുവല്ലോ. നിന്റെ ഇഷ്ടപുത്രന്റെ മഹാവിലയേറിയ മരണത്തിന്റെയും കഷ്ടപ്പാടിന്റെയും പുണ്യങ്ങൾമൂലം ആശയാൽ ഞങ്ങൾ നിന്റെ നിത്യരാജ്യത്തിന് അവകാശികളുമാകുന്നു. ഈ നിശ്ചയം ഞങ്ങൾക്കു നൽകിയിരിക്കുന്നതിനായി ഞങ്ങൾ നിനക്കു മനഃപൂർവ്വമായി സ്തോത്രം ചെയ്യുന്നു. അതു കൊണ്ടു കർത്താവേ, ഇവിടെ ഞങ്ങൾ ഞങ്ങളെത്തന്നെ- ഞങ്ങളുടെ ആത്മാക്കളും ശരീരങ്ങളും -വിവേകവും വിശു ദ്ധിയും ജീവനുമുള്ള യാഗമായി നിനക്കു സമർപ്പിക്കുന്നു. സ്വർഗസ്ഥപിതാവേ, ആ വിശുദ്ധ കൂട്ടായ്മയിൽ ഞങ്ങൾ നിലനിൽക്കുവാനായിട്ടും, ഞങ്ങൾ ചെയ്യേണ്ടതിനായി നീ

ഒരുക്കിയിരിക്കുന്ന സകല സൽക്രിയകളെയും പ്രവർത്തിക്കുവാനായിട്ടും നിന്റെ കൃപകൊണ്ടു ഞങ്ങൾക്കു സഹായിക്കണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. അവനു നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ സകല ബഹുമാനവും മഹത്വവും കാലാവസാനംകൂടാതെ ഉണ്ടായിരിക്കട്ടെ.

**ആമെൻ, നമ്മുടെ ദൈവത്തിനു എന്നന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും ഉണ്ടായിരിക്കട്ടെ. ആമെൻ.**

പ്രെസ്ബിറ്റർ പിന്നീടു രണ്ടാമത്തെ ആശീർവ്വാദം നൽകണം.

സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം, ദൈവത്തെയും അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെയുംകുറിച്ചുള്ള അറിവിലും സ്നേഹത്തിലും നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും കാക്കട്ടെ; പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ള സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹവും നിങ്ങളുടെ ഇടയിൽ ഉണ്ടായി, എല്ലായ്പോഴും നിങ്ങളോടുകൂടെ ഇരിക്കട്ടെ. ആമെൻ.

"നിങ്ങൾക്ക് " എന്നതിനും "നിങ്ങളോട്" എന്നതിനും പകരം "നമുക്കു" എന്നും "നമ്മോട്" എന്നും പ്രെസ്ബിറ്റർക്ക് ഉപയോഗിക്കാം.

സ്തുതിസ്തോത്രത്തിന്റെ ഒരു കീർത്തനമോ, 103-ാം സങ്കീർത്തനത്തിന്റെ ഒരു ഭാഗമോ, "ഇപ്പോൾ നാഥാ" എന്ന കീർത്തനമോ പാടാം.

ആശീർവ്വാദത്തിനുശേഷം ശുശ്രൂഷകർ വേദപുസ്തകവും, ജനങ്ങളുടെ വഴിപാടും, തിരുവത്താഴത്തിന് ഉപയോഗിച്ച പാത്രങ്ങളും വഹിച്ചുകൊണ്ടു പുറത്തേക്കു പോകുന്നു. ശുശ്രൂഷയിൽ വിശുദ്ധ ഉപയോഗത്തിനായി വേർതിരിച്ച അപ്പവും വീഞ്ഞും അധികം ഉണ്ടായിരുന്നാൽ അതു വെസ്ട്രിയിലേക്കു കൊണ്ടുപോയി വണക്കത്തോടെ ഭക്ഷിക്കുകയും കുടിക്കുകയും വേണം. സ്തോത്രപ്രാർത്ഥനയ്ക്കു മുമ്പായി കർത്താവിന്റെ പ്രാർത്ഥനയും അതിന്റെ ശേഷം "ഉന്നതത്തിൽ ദൈവത്തിനു" എന്നതും ആദ്യം ഉപയോഗിച്ചില്ല എങ്കിൽ ഇവിടെ ഉപയോഗിക്കാം.

വേർതിരിക്കപ്പെട്ട അപ്പമോ വീഞ്ഞോ പോരാതെവരുമ്പോൾ പ്രെസ്ബിറ്റർ കൂടുതൽ എടുത്തുകൊണ്ടു പറയണം:

**നമ്മുടെ കർത്താവായ യേശുവിന്റെ കല്പന അനുസരിച്ചുകൊണ്ടു നാം ഈ അപ്പം (വീഞ്ഞ്) ഈ പരിശുദ്ധ ഉപയോഗത്തിനായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വേർതിരിക്കുന്നു.**

|| അല്ലെങ്കിൽ നിയമന വാക്കുകൾ ആവർത്തിക്കാം.

□

# കാലത്തെയും വൈകുന്നേരത്തെയും
# ആരാധനക്രമം

## ഒന്നാമത്തെ ശുശ്രൂഷക്രമം

തിരുവത്താഴം ആചരിക്കുന്നില്ലെങ്കിൽ, കർത്താവിന്റെ അത്താഴം എന്ന ശുശ്രൂഷക്രമത്തിലെ ഒരുക്കം, വചനശുശ്രൂഷ എന്നീ ആദ്യത്തെ രണ്ടു ഭാഗങ്ങൾ മാത്രം ഉപയോഗിക്കാം. അങ്ങനെ ചെയ്യുമ്പോൾ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണം: (1) പാപസ്വീകാരത്തിനായി ക്ഷണിക്കുന്ന പ്രസ്താവനയിൽ "കർത്താവിന്റെ ശരീരരക്തങ്ങളെ കൈക്കൊൾവാനും" എന്ന വാക്കുകൾ വിട്ടുകളയണം. (2) ധർമ്മശേഖരം ഉണ്ടായിരുന്നാൽ അതും, സാധനങ്ങളായി കൊണ്ടുവന്നിട്ടുള്ള വഴിപാടുകൾ ഉണ്ടെങ്കിൽ അതും ചേർത്ത്, മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുശേഷം ഭയഭക്തിയോടെ പ്രതിഷ്ഠിക്കുകയും, ഒരു വഴിപാടു സമർപ്പണ പ്രാർത്ഥന ചൊല്ലുകയും വേണം. പിന്നെ ഒരു പാട്ടു പാടി ആശീർവ്വാദത്തോടുകൂടെ ശുശ്രൂഷ അവസാനിപ്പിക്കാം.

## രണ്ടാമത്തെ ശുശ്രൂഷക്രമം
## ഒന്നാം ഭാഗം

## സ്തുതി

എല്ലാവരും എഴുന്നേറ്റുനിൽക്കുമ്പോൾ ശുശ്രൂഷകൻ പറയേണ്ടതു:

**നമുക്കു ദൈവത്തെ ആരാധിക്കാം.**

ഒരു കീർത്തനമോ ഗീതമോ പാടാം.

താഴെ ചേർത്തിരിക്കുന്നതുപോലെയുള്ള ഒന്നോ അധികമോ വേദവാക്യങ്ങൾ വായിക്കണം.

**ദൈവം ആത്മാവ് ആകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം.**

യോഹ. 4: 24

നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. റോമ. 1: 4

ഇതു യഹോവ ഉണ്ടാക്കിയ ദിവസം; ഇന്നും നാം സന്തോഷിച്ച് ആനന്ദിക്ക. സങ്കീ. 118: 24

**വൈകുന്നേരം:** സൂര്യന്റെ ഉദയംമുതൽ അസ്തമനം വരെ യഹോവയുടെ നാമം സ്തുതിക്കപ്പെടുമാറാകട്ടെ.

സങ്കീ. 113: 3

ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 1: 5, 7

**ആഗമനം:** കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രെ വേണ്ടതു. ഫിലി. 4: 5, 6

യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസൻമാർ ഭാഗ്യവാൻമാർ. ലൂക്കൊ. 12: 37

**ക്രിസ്മസ്:** സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു.

കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.

ലൂക്കൊ. 2: 10, 11

**മഹത്വപ്രകാശനനാൾ:** സൂര്യന്റെ ഉദയംമുതൽ അസ്തമനംവരെ എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നു; എല്ലായിടത്തും എന്റെ നാമത്തിനു ധൂപവും നിർമ്മലമായ വഴിപാടും അർപ്പിച്ചുവരുന്നു; എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നുവല്ലോ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. മലാഖി 1: 11

**നോമ്പ്:** വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിയുവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ; അവൻ അനർത്ഥത്തെക്കുറിച്ച് അനുതപിക്കും. യോവേൽ 2: 13

യേശു പറഞ്ഞു, "ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ." മർക്കൊസ് 8: 34

**കഷ്ടാനുഭവം:** നാം പാപംസംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു.

1 പത്രൊസ് 2: 24

**ഹോശാന ഞായറാഴ്ച:** ഇതാ, നിന്റെ രക്ഷ വരുന്നു; കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയിലും ഉണ്ട് എന്നു സീയോൻപുത്രിയോടു പറവിൻ എന്നിങ്ങനെ യഹോവ ഭൂമിയുടെ അറുതിയോളം ഘോഷിപ്പിച്ചിരിക്കുന്നു.

യെശ. 62: 11

**വലിയ വെള്ളിയാഴ്ച:** മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യി ക്കുവാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കുവാനും അത്രേ വന്നതു. മർക്കൊസ് 10: 45

**ഉയിർപ്പു ഞായറാഴ്ച:** നമ്മുടെ കർത്താവ്വായ യേശു ക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽനിന്നുള്ള യേശുക്രിസ്തു വിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി വീണ്ടും ജനിപ്പിച്ചിരി ക്കുന്നു. 1പത്രൊസ് 1: 3, 4

കർത്താവു പറയുന്നു, "ഞാൻ ആദ്യനും അന്ത്യനും ജീവ നുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തി ന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈ വശമുണ്ട്." വെളിപ്പാട് 1: 17, 18

**സ്വർഗാരോഹണം:** ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയോരു ശ്രേഷ്ഠമഹാ പുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ടു നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക. എബ്രായർ 4: 14

**പെന്തക്കോസ്ത്:** ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങ ളിൽ പകർന്നിരിക്കുന്നുവല്ലോ. റോമർ 5: 5

**ത്രിത്വഞായറാഴ്ച:** ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോച രവും ആകുന്നു. സകലവും അവനിൽനിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന് എന്നേക്കും മഹത്വം. ആമെൻ. റോമർ 11: 33, 36

**സകല വിശുദ്ധൻമാരുടെയും നാൾ:** അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷംപോലെയും പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും, തകർത്ത ഇടിമുഴക്കം പോലെയും ഞാൻ കേട്ടതു: ഹല്ലെലൂയ്യാ! സർവശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു. നാം സന്തോഷിച്ച് ഉല്ലസിച്ച് അവനു മഹത്വം കൊടുക്കുക. വെളിപ്പാട് 19: 6, 7

**ഏതെങ്കിലും ഒരു വിശുദ്ധന്റെ നാൾ:** ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ടു സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു.

എബ്രായർ 12: 1, 2

**ദക്ഷിണേന്ത്യാസഭയുടെ ഉദ്ഘാടന വാർഷികം:** യേശു പറഞ്ഞു, “നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനുതന്നെ.” യോഹ. 17: 22, 23

**പുതുവർഷം, മറ്റു വാർഷികങ്ങൾ:** യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.
യെശ. 40: 31

**കൊയ്ത്തുത്സവം:** ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു. സങ്കീ. 24: 1

**ആപൽക്കാലം:** ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. സങ്കീ. 46: 1

**ദേശീയ ദിനം:** ജാതികൾ സന്തോഷിച്ചു ഘോഷിച്ചുല്ലസിക്കും; നീ വംശങ്ങളെ നേരോടെ വിധിച്ചു ഭൂമിയിലെ ജാതികളെ ഭരിക്കുന്നുവല്ലോ. സങ്കീ. 67: 4

ശുശ്രൂഷകൻ പറയേണ്ടതു:

കർത്താവേ, ഞങ്ങളുടെ അധരങ്ങളെ തുറക്കണമേ.

**എന്നാൽ ഞങ്ങളുടെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും.**

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും മഹത്വമുണ്ടാകട്ടെ.

**ആദിയിങ്കലും ഇപ്പോഴും എന്നേക്കും ഉള്ളപ്രകാരം തന്നെ. ആമെൻ.**

*തുടർന്നു ചേർത്തിരിക്കുന്നവയിൽ ഏതെങ്കിലും ഒരു സ്തുതി പാടുകയോ ചൊല്ലുകയോ ചെയ്യാം. അല്ലെങ്കിൽ ഒരു സ്തോത്രഗീതം പാടാം. ശുശ്രൂഷ ചുരുക്കണമെങ്കിൽ ഈ ഭാഗം മുഴുവനും വിട്ടുകളയാവുന്നതാണു.

## ത്രിത്വത്തിനു സ്തുതി

സൈന്യങ്ങളുടെ ദൈവമായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും നിന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു. മഹോന്നതനായ കർത്താവേ, നിനക്കു മഹത്വം ഉണ്ടാകട്ടെ.

**കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉന്നതങ്ങളിൽ സ്തുതി.**

ദൈവമേ, നീ പരിശുദ്ധനാകുന്നു.

**ദൈവമേ, നീ പരിശുദ്ധനാകുന്നു.**

സർവ്വശക്തനേ, നീ പരിശുദ്ധനാകുന്നു.

**സർവ്വശക്തനേ, നീ പരിശുദ്ധനാകുന്നു.**

മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

**മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.**

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

**ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.**

പരിശുദ്ധാത്മാവായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

**പരിശുദ്ധാത്മാവായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.**

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകളും സ്തോത്രങ്ങളും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

**കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.**

അല്ലെങ്കിൽ

2

ശുശ്രൂഷകൻ: അവന്റെ വാതിലുകളിൽ സ്തോത്രത്തോടും, അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടുംകൂടെ വരുവിൻ. അവനു സ്തോത്രം ചെയ്ത് അവന്റെ നാമത്തെ വാഴ്ത്തുവിൻ.

ജനങ്ങൾ: **യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളതു; അവന്റെ വിശ്വസ്തത തലമുറതലമുറയായും ഇരിക്കുന്നു.** സങ്കീ. 100: 4, 5

ശുശ്രൂഷകൻ: വരുവിൻ, നാം വണങ്ങി നമസ്കരിക്കുക; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക.

ജനങ്ങൾ: **അവൻ നമ്മുടെ ദൈവമാകുന്നു; നാമോ അവൻ മേയിക്കുന്ന ജനവും അവന്റെ കൈക്കലെ ആടുകളും തന്നെ.** സങ്കീ: 95: 6, 7

ശുശ്രൂഷകൻ: യഹോവയുടെ പർവ്വതത്തിൽ ആർ കയറും? അവന്റെ വിശുദ്ധസ്ഥലത്ത് ആർ നിൽക്കും?

ജനങ്ങൾ: **വെടിപ്പുള്ള കൈയും നിർമ്മലഹൃദയവുമുള്ളവൻ; വ്യാജത്തിനു മനസ്സുവയ്ക്കാതെയും കള്ളസ്സത്യം ചെയ്യാതെയും ഇരിക്കുന്നവൻ.** സങ്കീ: 24: 3, 4

ശുശ്രൂഷകൻ: ഞങ്ങളുടെ ദൈവമായ കർത്താവിന്റെ പക്കൽ കരുണയും മോചനവും ഉണ്ട്. ഞങ്ങളോ അവനോടു മത്സരിച്ചു. അവൻ തന്റെ ദാസൻമാരായ പ്രവാചകൻമാർ മുഖാന്തരം ഞങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന ന്യായപ്രമാണപ്രകാരം നടക്കുവാൻ ഞങ്ങൾ ഞങ്ങളുടെ ദൈവമായ യഹോവയുടെ വചനം കേട്ടനുസരിച്ചില്ല.

ദാനി. 9: 9, 10

ജനങ്ങൾ: **ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല.** സങ്കീ. 51: 17

ശുശ്രൂഷകൻ: യേശു പറഞ്ഞു: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."

മത്തായി 11: 28

ജനങ്ങൾ: **ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: 'അപ്പാ, ഞാൻ സ്വർഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു' എന്നു പറയും.** ലൂക്കൊ. 15: 18

ശുശ്രൂഷകനും ജനങ്ങളുമൊരുമിച്ച്: **എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ.** സങ്കീ. 19: 14

അല്ലെങ്കിൽ

3

ശുശ്രൂഷകൻ: യഹോവ തന്റെ വിശുദ്ധമന്ദിരത്തിൽ ഉണ്ട്; സർവ്വഭൂമിയും അവന്റെ സന്നിധിയിൽ മൗനമായിരിക്കട്ടെ.

ഹബ. 2: 20

ജനങ്ങൾ: **ബഹുമാനവും തേജസ്സും അവന്റെ മുമ്പിലും, ബലവും ശോഭയും അവന്റെ വിശുദ്ധമന്ദിരത്തിലും ഉണ്ട്.**

സങ്കീ. 96: 6

ശുശ്രൂഷകൻ: ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്കു ചെന്നു

ജനങ്ങൾ: **നിന്റെ വിശുദ്ധമന്ദിരത്തിനു നേരെ, നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും.** സങ്കീ. 5: 7

ശുശ്രൂഷകൻ: യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു. ഞാൻ ആരെ ഭയപ്പെടും?

ജനങ്ങൾ: **യഹോവ എന്റെ ജീവന്റെ ബലം, ഞാൻ ആരെ പേടിക്കും?** സങ്കീ. 27: 1

ശുശ്രൂഷകൻ: അവൻ നമ്മുടെ പാപങ്ങൾക്ക് ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല; നമ്മുടെ അകൃത്യങ്ങൾക്ക് ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല.

ജനങ്ങൾ: **ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതു പോലെ അവന്റെ ദയ അവന്റെ ഭക്തൻമാരോടു വലിയതായിരിക്കുന്നു.** സങ്കീ. 103: 10, 11

ശുശ്രൂഷകൻ: യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്ന് എന്തു പകരം കൊടുക്കും?

ജനങ്ങൾ: **ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.** സങ്കീ. 116: 12, 13

ശുശ്രൂഷകനും ജനങ്ങളുമൊരുമിച്ച്: **എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ.** സങ്കീ. 19: 14

അല്ലെങ്കിൽ

നിന്റെ ശക്തിയാലും ജ്ഞാനത്താലും സകലത്തെയും സൃഷ്ടിക്കുകയും, ഞങ്ങളുടെ രക്ഷിതാവായിരിക്കുവാൻ നിന്റെ പുത്രനെ ഞങ്ങൾക്കു നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിക്കുകയും ചെയ്ത പിതാവായ ദൈവമേ, നിനക്കു സ്തുതി ഉണ്ടാകട്ടെ. പാപം ഒഴികെ സകലത്തിലും ഞങ്ങൾക്കു തുല്യനായിത്തീർന്നവനും, ഞങ്ങളുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന് ഏല്പിക്ക

പ്പെടുകയും ഞങ്ങളുടെ നീതീകരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്ത പുത്രനായ ദൈവമേ, നിനക്കു സ്തുതി ഉണ്ടാകട്ടെ. സകലസത്യത്തിലും ഞങ്ങളെ വഴി നടത്തുകയും, ദൈവസ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ പകരുകയും ചെയ്യുന്ന പരിശുദ്ധാത്മാവായ ദൈവമേ, നിനക്കു സ്തുതി ഉണ്ടാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിനക്കു സകല മഹത്വവും സ്തുതിയും, എന്നും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമെൻ.

ശുശ്രൂഷകൻ സ്വന്ത വാചകത്തിലോ, താഴെവരുന്ന പ്രാർത്ഥനകളിൽ ഒന്ന് ഉപയോഗിച്ചോ പ്രാർത്ഥിക്കണം.

(i)

സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം, ഞങ്ങളുടെ ആരാധനയും സ്തോത്രവും തിരുമുമ്പാകെ അർപ്പിക്കുന്നതിനായി ഞങ്ങൾ നിന്റെ സന്നിധിയിലേക്കു വന്നിരിക്കുന്നു. ഞങ്ങളുടെ പാപങ്ങളെ പരമാർത്ഥമായി ഏറ്റുപറയുന്നതിനും, മറ്റുള്ളവർക്കും ഞങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിനും ഞങ്ങളെ സഹായിക്കണമേ. നിന്റെ പരിശുദ്ധ വചനം ശ്രദ്ധയോടെ കേൾക്കുന്നതിനാൽ ഞങ്ങൾ നിന്റെ സ്നേഹത്തിന്റെ വലിപ്പത്തെ കൂടുതൽ യഥാർത്ഥമായി അറിയുകയും നിന്റെ കൃപാഫലങ്ങളെ ഞങ്ങളുടെ ജീവിതത്തിൽ തെളിയിച്ചുകാണിക്കുകയും ചെയ്യേണ്ടതിനു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം കൃപ ചെയ്യണമേ. ആമെൻ.

അല്ലെങ്കിൽ

(ii)

സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ സ്വർഗസ്ഥ പിതാവേ, ഞങ്ങളുടെ ഹൃദയങ്ങൾ സമാധാനവും സ്വസ്ഥതയും കണ്ടെത്തുന്നതു നിന്നിൽ മാത്രമാകുന്നുവല്ലോ. ഈ ആരാധനയുടെ സമയത്തു നീ നിന്നെത്തന്നെ ഞങ്ങൾക്കു വെളിപ്പെടുത്തിത്തരണമേ. നിന്റെ ആത്മീയ വരങ്ങൾ ഞങ്ങളുടെമേൽ പകരണമേ. ഈ വിശുദ്ധമായ ശാന്തസമയം ദൈവികകാര്യങ്ങളിൽ ഞങ്ങൾക്കു പ്രയോജനമായിത്തീരുവാനും, നീ ഞങ്ങൾക്കു ചെയ്യുവാൻ തന്നിരിക്കുന്ന വേലയെ തികയ്ക്കേണ്ടതിനു ഞങ്ങളെ പുതുക്കി ശക്തീകരിക്കുവാനും, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം കൃപ ചെയ്യണമേ. ആമെൻ.

## രണ്ടാം ഭാഗം

## പാപസ്വീകാരം

ശുശ്രൂഷകൻ വേദപുസ്തകത്തിൽനിന്നു താഴെ ചേർത്തിരിക്കുന്നതു പോലെയുള്ള ഒന്നോ അധികമോ വാക്യങ്ങൾ വായിക്കാം.

നമുക്കു പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. 1 യോഹ. 1: 8, 9

ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല എന്നു പറയും. ലൂക്കൊ. 15: 18, 19

ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കുവിൻ. മർക്കൊ. 1: 15

നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുവാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു. എബ്രാ 4: 15

അതിന്റെശേഷം ശുശ്രൂഷകൻ പറയേണ്ടതു:

നമുക്കു മുട്ടുകുത്തി മൗനമായി നമ്മെത്തന്നെ ശോധന ചെയ്യാം.

എല്ലാവരും മുട്ടുകുത്തി അല്പസമയം മൗനമായിരിക്കണം. അതിനു ശേഷം ശുശ്രൂഷകൻ പറയേണ്ടതു:

നമുക്കു നമ്മുടെ പാപങ്ങളെ സർവ്വശക്തനായ ദൈവത്തോടു വിനയമായി ഏറ്റുപറയാം:

താഴെയുള്ള പ്രാർത്ഥനകളിൽ ഒന്ന് എല്ലാവരും ചേർന്നു ചൊല്ലാം.

(1)

**സർവ്വശക്തിയും മഹാകരുണയുമുള്ള പിതാവേ, ഞങ്ങൾ കാണാതെപോയ ആടുകളെപ്പോലെ നിന്റെ വഴികളിൽനിന്നു തെറ്റി ചിന്നിയിരിക്കുന്നു. ഞങ്ങളുടെ സ്വന്ത ഹൃദയങ്ങളിലെ വിചാരങ്ങളെയും മോഹങ്ങളെയും ഞങ്ങൾ ഏറ്റവും അനുസരിച്ചു നടന്നിരിക്കുന്നു. ഞങ്ങൾ നിന്റെ വിശുദ്ധകല്പനകൾ ലംഘിച്ചിരിക്കുന്നു. ഞങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെവിട്ടു ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്തിരിക്കുന്നു. ഞങ്ങളിൽ സൗഖ്യവുമില്ല. അരിഷ്ടൻമാരായി കുറ്റക്കാരായ ഞങ്ങളോടു കരുണയുണ്ടാകേണമേ. ദൈവമേ, തങ്ങളുടെ പിഴകളെ ഏറ്റുപറയുന്നവരോടു ക്ഷമിക്കേണമേ. ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം നീ മനുഷ്യവർഗത്തോട് അറിയിച്ചി**

രിക്കുന്ന വാഗ്ദത്തപ്രകാരം അനുതപിക്കുന്നവരെ വീണ്ടും കൈക്കൊള്ളേണമേ. മഹാകരുണയുള്ള പിതാവേ, നിന്റെ പരിശുദ്ധ നാമത്തിന്റെ മഹത്വത്തിനായിട്ടു ഞങ്ങൾ ഇനിമേൽ ദൈവഭക്തിയോടും നീതിയോടും സുബോധത്തോടും നടക്കേണ്ടതിനു ക്രിസ്തുനിമിത്തം കൃപ ചെയ്യേണമേ. ആമെൻ.

അല്ലെങ്കിൽ

(2)

ഞങ്ങളുടെ പിതാവായ ദൈവമേ, ഞങ്ങൾ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും നിനക്കു വിരോധമായി പാപം ചെയ്തിരിക്കുന്നു. ഞങ്ങൾ നിന്നെ പൂർണ്ണഹൃദയത്തോടെ സ്നേഹിച്ചിട്ടില്ല. ഞങ്ങൾ ഞങ്ങളുടെ കൂട്ടുകാരെ ഞങ്ങളെപ്പോലെതന്നെ സ്നേഹിച്ചിട്ടില്ല. ഞങ്ങളോടു കരുണയുണ്ടാകേണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങളിൽനിന്നു ഞങ്ങളെ ശുദ്ധീകരിക്കുകയും, ദോഷത്തെ ജയിക്കുവാൻ ഞങ്ങൾക്കു സഹായിക്കുകയും ചെയ്യണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ആമെൻ.

അല്ലെങ്കിൽ

(3)

ദൈവമേ, നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ. നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങൾ മായിച്ചുകളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമെ. എന്റെ ലംഘനങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപം എപ്പോഴും എന്റെ

മുമ്പിൽ ഇരിക്കുന്നു. നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിനക്ക് അനിഷ്ടമായുള്ളതു ഞാൻ ചെയ്തിരിക്കുന്നു. ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ. നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ. മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ. ആമെൻ. സങ്കീ. 51: 1-4, 10, 12

അല്ലെങ്കിൽ

(4)

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വശക്തനായ ദൈവമേ, വിചാരത്തിലും വാക്കിലും ക്രിയയിലുമുള്ള ഞങ്ങളുടെ കഠിന കുറ്റംനിമിത്തം ഞങ്ങൾ നിന്നോടു പാപം ചെയ്തിരിക്കുന്നു എന്നു തിരുമുമ്പാകെ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെന്നു ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു.

സർവ്വശക്തനായ ദൈവമേ, ഞങ്ങളോടു കരുണയുണ്ടായി ഞങ്ങളുടെ സകല പാപങ്ങളും ഞങ്ങളോടു ക്ഷമിച്ചു, സകല ദോഷത്തിൽനിന്നും ഞങ്ങളെ വിടുവിച്ചു, സകല നൻമയിലും ഉറപ്പിച്ചു ബലപ്പെടുത്തി നിത്യജീവങ്കലേക്കു ഞങ്ങളെ പ്രവേശിപ്പിക്കണമേ. ആമെൻ.

ശുശ്രൂഷകൻ പറയേണ്ടതു:

സർവ്വശക്തനും കരുണയുള്ളവനുമായ കർത്താവു, പാപങ്ങളുടെ മോചനവും മാപ്പും, ജീവിതം ക്രമപ്പെടുത്തുന്നതിനുള്ള അവസരവും, പരിശുദ്ധാത്മാവിന്റെ കൃപയും ആശ്വാസവും നമുക്കു* നൽകുമാറാകട്ടെ. **ആമെൻ.**

* "നമുക്ക്" എന്നുള്ളതിനു പകരമായി "നിങ്ങൾക്ക്" എന്ന് ഉപയോഗിക്കാം.

അല്ലെങ്കിൽ

കരുണയുള്ള കർത്താവേ, നിന്റെ വിശ്വാസമുള്ള ജനങ്ങൾ തങ്ങളുടെ സകല പാപങ്ങളിൽനിന്നും ശുദ്ധീകരിക്കപ്പെട്ടു, ശാന്തമനസ്സോടെ നിന്നെ സേവിക്കുവാൻ അവർക്കു പാപമോചനവും സമാധാനവും നൽകേണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമെൻ.**

അല്ലെങ്കിൽ

എപ്പോഴും കരുണയുണ്ടാകുകയും ക്ഷമിക്കുകയും ചെയ്യുന്ന സ്വഭാവവും ലക്ഷണവുമുള്ള ദൈവമേ, ഞങ്ങളുടെ താഴ്മയുള്ള അപേക്ഷകൾ കൈക്കൊള്ളണമേ. ഞങ്ങൾ ഞങ്ങളുടെ പാപച്ചങ്ങലകൊണ്ടു ബന്ധിക്കപ്പെട്ടവരാകുന്നു; എങ്കിലും ഞങ്ങളുടെ മദ്ധ്യസ്ഥനും കാര്യസ്ഥനുമായ യേശുക്രിസ്തുവിന്റെ ബഹുമാനത്തിനായിട്ടു നിന്റെ മഹാകരുണയോടുകൂടിയ കനിവുകൊണ്ടു ഞങ്ങളെ അഴിച്ചുവിടണമേ. ആമെൻ.

## മൂന്നാം ഭാഗം

## ദൈവവചന ശുശ്രൂഷ

എല്ലാവരും എഴുന്നേറ്റു നിൽക്കുമ്പോൾ ശുശ്രൂഷകൻ പറയേണ്ടതു:

കർത്താവിനെ സ്തുതിക്കുവിൻ.

**കർത്താവിന്റെ നാമം സ്തുതിക്കപ്പെടട്ടെ.**

തുടർന്നു ചേർത്തിരിക്കുന്നവയിൽ ഏതെങ്കിലും ഒന്നു വായിക്കുകയോ പാടുകയോ ചെയ്യാം.

അല്ലെങ്കിൽ ഒരു പാട്ടു പാടാം.

(i)

### സങ്കീർത്തനം 95

വരുവിൻ, നാം യഹോവയ്ക്ക് ഉല്ലസിച്ചു ഘോഷിക്ക; നമ്മുടെ രക്ഷയുടെ പാറയ്ക്കാർപ്പിടുക.

നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക; സങ്കീർത്തനങ്ങളോടെ അവന്നു ഘോഷിക്ക.

യഹോവ മഹാദൈവമല്ലോ; അവൻ സകല ദേവൻമാർക്കും മീതെ മഹാരാജാവുതന്നെ.

ഭൂമിയുടെ അധോഭാഗങ്ങൾ അവന്റെ കൈയിൽ ആകുന്നു; പർവ്വതങ്ങളുടെ ശിഖരങ്ങളും അവന്നുള്ളവ.

സമുദ്രം അവന്നുള്ളതു; അവൻ അതിനെ ഉണ്ടാക്കി; കരയെയും അവന്റെ കൈകൾ മനഞ്ഞിരിക്കുന്നു.

വരുവിൻ, നാം വണങ്ങി നമസ്കരിക്ക; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക.

അവൻ നമ്മുടെ ദൈവമാകുന്നു; നാമോ അവൻ മേയിക്കുന്ന ജനവും അവന്റെ കൈക്കലെ ആടുകളും തന്നെ.

(ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ, മെരീബയിലെപ്പോലെയും മരുഭൂമിയിൽ മസ്സാനാളിലെപ്പോലെയും നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കരുതു.

അവിടെവെച്ചു നിങ്ങളുടെ പിതാക്കൻമാർ എന്നെ പരീക്ഷിച്ചു; എന്റെ പ്രവൃത്തി അവർ കണ്ടിട്ടും എന്നെ ശോധന ചെയ്തു.

നാല്പതാണ്ട് എനിക്ക് ആ തലമുറയോടു നീരസം ഉണ്ടായിരുന്നു; അവർ തെറ്റിപ്പോകുന്ന ഹൃദയമുള്ളോരു ജനം എന്നും എന്റെ വഴികൾ അറിഞ്ഞിട്ടില്ലാത്തവരെന്നും ഞാൻ പറഞ്ഞു.

ആകയാൽ അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കുകയില്ലെന്നു ഞാൻ എന്റെ ക്രോധത്തിൽ സത്യം ചെയ്തു.)

പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും മഹത്വമുണ്ടാകട്ടെ;

ആദിയിങ്കലും ഇപ്പോഴും എന്നേക്കും ഉള്ളപ്രകാരം തന്നെ. ആമെൻ.

അല്ലെങ്കിൽ

(ii)

### സങ്കീർത്തനം 100

സകല ഭൂവാസികളുമായുള്ളോരേ, യഹോവയ്ക്ക് ആർപ്പിടുവിൻ. സന്തോഷത്തോടെ യഹോവയെ സേവിക്കുവിൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ.

യഹോവതന്നെ ദൈവം എന്നറിയുവിൻ; അവൻ നമ്മെ ഉണ്ടാക്കി; നാം അവനുള്ളവർ ആകുന്നു; അവന്റെ ജനവും അവൻ മേയ്ക്കുന്ന ആടുകളുംതന്നെ.

അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടുംകൂടെ വരുവിൻ; അവന്നു സ്തോത്രം ചെയ്ത് അവന്റെ നാമത്തെ വാഴ്ത്തുവിൻ.

യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളതു; അവന്റെ വിശ്വസ്തത തലമുറതലമുറയായും ഇരിക്കുന്നു.

പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും മഹത്വമുണ്ടാകട്ടെ;

ആദിയിങ്കലും ഇപ്പോഴും എന്നേക്കും ഉള്ളപ്രകാരം തന്നെ. ആമെൻ.

അതതു ദിവസത്തേക്കു നിശ്ചയിച്ചിരിക്കുന്ന സങ്കീർത്തനമോ, സങ്കീർത്തനങ്ങളോ വായിക്കാം.

## ഒന്നാം പാഠം

പഴയനിയമത്തിൽനിന്നോ, അപ്പോക്രിഫായിൽനിന്നോ ഒന്നാം പാഠം വായിക്കാം.

അതിന്റെശേഷം തുടർന്നു ചേർത്തിരിക്കുന്നവയിൽ ഒന്നു ചൊല്ലുകയോ പാടുകയോ ചെയ്യണം.

## (i)

## സെഖര്യാവിന്റെ പാട്ട്
## BENEDICTUS

ലൂക്കൊസ് 1: 68 – 79

യിസ്രായേലിന്റെ ദൈവമായ കർത്താവ് അനുഗ്രഹിക്കപ്പെട്ടവൻ. അവൻ തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാരണം ചെയ്യുകയും

ആദിമുതൽ തന്റെ വിശുദ്ധ പ്രവാചകൻമാർ മുഖാന്തരം അരുളിച്ചെയ്തതുപോലെ

നമ്മുടെ ശത്രുക്കളുടെ വശത്തുനിന്നും നമ്മെ പകെക്കുന്ന ഏവരുടെയും കൈയിൽനിന്നും നമ്മെ രക്ഷിക്കുവാൻ

തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ നമുക്കു രക്ഷയുടെ കൊമ്പ് ഉയർത്തുകയും ചെയ്തിരിക്കുന്നതു,

നമ്മുടെ പിതാക്കൻമാരോടു കരുണ പ്രവർത്തിക്കേണ്ടതിനും

നമ്മുടെ ശത്രുക്കളുടെ കൈയിൽനിന്നു രക്ഷിക്കപ്പെട്ട്

നാം ആയുഷ്കാലമൊക്കെയും ഭയംകൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിക്കുവാൻ നമുക്കു കൃപ നൽകുമെന്നു

അവൻ നമ്മുടെ പിതാവായ അബ്രാഹാമിനോടു ചെയ്ത സത്യവും തന്റെ വിശുദ്ധനിയമവും ഓർത്തുകൊണ്ടും ആകുന്നു.

നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിന്റെ വഴി ഒരുക്കുവാനും

നമ്മുടെ ദൈവത്തിന്റെ ആർദ്രകരുണയാൽ അവന്റെ ജനത്തിനു പാപമോചനത്തിൽ രക്ഷാപരിജ്ഞാനം കൊടുക്കുവാനുമായി നീ അവന്നു മുമ്പായി നടക്കും.

ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനമാർഗത്തിൽ നടത്തേണ്ടതിന്നു

ആ ആർദ്രകരുണയാൽ ഉയരത്തിൽനിന്ന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു.

പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും മഹത്വമുണ്ടാകട്ടെ;

ആദിയിങ്കലും ഇപ്പോഴും എന്നേക്കും ഉള്ളപ്രകാരം തന്നെ. ആമെൻ.

അല്ലെങ്കിൽ

(ii)

## മൂന്നു വിശുദ്ധ യുവാക്കൻമാരുടെ പാട്ട്

## BENEDICITE

(അപ്പോക്രിഫായിൽ) ദാനീ. 3: 23 നോക്കുക.

കർത്താവിന്റെ സകല സൃഷ്ടികളുമേ, കർത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി മഹത്വപ്പെടുത്തുവിൻ.

കർത്താവിന്റെ ദൂതൻമാരേ, കർത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി മഹത്വപ്പെടുത്തുവിൻ.

ആകാശങ്ങളേ, കർത്താവിനെ വാഴ്ത്തുവിൻ: ആകാശ വിതാനത്തിനു മീതെയുള്ള വെള്ളങ്ങളേ, കർത്താവിനെ വാഴ്ത്തുവിൻ.

കർത്താവിന്റെ സകല ശക്തികളുമേ, കർത്താവിനെ വാഴ്ത്തുവിൻ: സൂര്യചന്ദ്രൻമാരേ, കർത്താവിനെ വാഴ്ത്തു വിൻ.

ആകാശത്തിലെ നക്ഷത്രങ്ങളേ, കർത്താവിനെ വാഴ്ത്തു വിൻ: മഴയും മഞ്ഞുമേ, കർത്താവിനെ വാഴ്ത്തുവിൻ.

ദൈവത്തിന്റെ കാറ്റുകളേ, കർത്താവിനെ വാഴ്ത്തുവിൻ: അഗ്നിയും ഉഷ്ണവുമേ, കർത്താവിനെ വാഴ്ത്തുവിൻ.

ശീതകാലവും ഉഷ്ണകാലവുമേ, കർത്താവിനെ വാഴ്ത്തുവിൻ: മഞ്ഞും ഉറച്ച മഞ്ഞുമേ, കർത്താവിനെ വാഴ്ത്തുവിൻ.

ഉറച്ച മഞ്ഞും ശീതവുമേ, കർത്താവിനെ വാഴ്ത്തുവിൻ: ഉറച്ച വെള്ളവും ഹിമവുമേ, കർത്താവിനെ വാഴ്ത്തുവിൻ.

രാപ്പകലുകളേ, കർത്താവിനെ വാഴ്ത്തുവിൻ: ഇരുൾ വെളിവുകളേ, കർത്താവിനെ വാഴ്ത്തുവിൻ.

മിന്നലുകളും മേഘങ്ങളുമേ, കർത്താവിനെ വാഴ്ത്തു വിൻ: അവനെ എന്നും പുകഴ്ത്തി മഹത്വപ്പെടുത്തുവിൻ.

ഭൂമി കർത്താവിനെ വാഴ്ത്തട്ടെ: അത്രയുമല്ല അവനെ എന്നും പുകഴ്ത്തി മഹത്വപ്പെടുത്തട്ടെ.

പർവ്വതങ്ങളും കുന്നുകളുമേ, കർത്താവിനെ വാഴ്ത്തു വിൻ: ഭൂമിയിലെ സകല സസ്യവർഗങ്ങളുമേ, കർത്താ വിനെ വാഴ്ത്തുവിൻ.

കിണറുകളേ, കർത്താവിനെ വാഴ്ത്തുവിൻ: സമുദ്ര ങ്ങളും നദികളുമേ, കർത്താവിനെ വാഴ്ത്തുവിൻ.

വെള്ളത്തിൽ ചരിക്കുന്ന തിമിംഗലാദി ജന്തുക്കൾ സകലവുമേ, കർത്താവിനെ വാഴ്ത്തുവിൻ: ആകാശത്തിലെ സകല പറവകളുമേ, കർത്താവിനെ വാഴ്ത്തുവിൻ.

സകല മൃഗങ്ങളും കന്നുകാലികളുമേ, കർത്താവിനെ വാഴ്ത്തുവിൻ: മാനുഷമക്കളേ, കർത്താവിനെ വാഴ്ത്തുവിൻ.

യിസ്രായേൽ കർത്താവിനെ വാഴ്ത്തട്ടെ: അവനെ എന്നും പുകഴ്ത്തി മഹത്വപ്പെടുത്തട്ടെ.

കർത്താവിന്റെ പുരോഹിതൻമാരേ, കർത്താവിനെ വാഴ്ത്തുവിൻ: കർത്താവിന്റെ ദാസൻമാരേ, കർത്താവിനെ വാഴ്ത്തുവിൻ.

നീതിമാൻമാരുടെ ആത്മാക്കളും ദേഹികളുമേ, കർത്താവിനെ വാഴ്ത്തുവിൻ: ഹൃദയശുദ്ധിയും വിനയവുമുള്ള മനുഷ്യരേ, കർത്താവിനെ വാഴ്ത്തുവിൻ.

ഹനന്യാവും അസര്യാവും മീശായേലുമേ, കർത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി മഹത്വപ്പെടുത്തുവിൻ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തെ നമുക്കു വാഴ്ത്താം: അവനെ എന്നും പുകഴ്ത്തി മഹത്വപ്പെടുത്താം.

കർത്താവേ, സ്വർഗീയമണ്ഡലങ്ങളിൽ നീ വാഴ്ത്തപ്പെട്ടവനാകുന്നു; നീ എന്നെന്നേക്കും സ്തുതിക്കപ്പെടുന്നവനും, എല്ലാറ്റിനും മീതെ മഹോന്നതനും ആകുന്നുവല്ലോ.

അല്ലെങ്കിൽ

(iii)

## കന്യകമറിയാമിന്റെ പാട്ട്

## MAGNIFICAT

ലൂക്കൊസ് 1: 46 – 55

എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു.

അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ;

ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.

ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു; അവന്റെ നാമം പരിശുദ്ധംതന്നെ.

അവനെ ഭയപ്പെടുന്നവർക്ക് അവന്റെ കരുണ തലമുറ തലമുറയോളം ഇരിക്കുന്നു.

തന്റെ ഭുജംകൊണ്ട് അവൻ ബലം പ്രവർത്തിച്ചു, ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു.

പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്നു ഇറക്കി താണവരെ ഉയർത്തിയിരിക്കുന്നു.

വിശന്നിരിക്കുന്നവരെ നൻമകളാൽ നിറച്ചു, സമ്പന്നൻമാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു.

നമ്മുടെ പിതാക്കൻമാരോട് അരുളിച്ചെയ്തതുപോലെ അബ്രാഹാമിന്നും അവന്റെ സന്തതിക്കും എന്നേക്കും

കരുണ ഓർക്കേണ്ടതിന്നു, തന്റെ ദാസനായ യിസ്രായേലിനെ തുണച്ചിരിക്കുന്നു.

പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും മഹത്വമുണ്ടാകട്ടെ;

ആദിയിങ്കലും ഇപ്പോഴും എന്നേക്കും ഉള്ളപ്രകാരം തന്നെ. ആമെൻ.

### രണ്ടാം പാഠം

രണ്ടാം പാഠം പുതിയനിയമത്തിൽനിന്നു വായിക്കണം. അല്ലെങ്കിൽ പുതിയനിയമത്തിൽനിന്നു രണ്ടു പാഠങ്ങൾ വായിക്കാം: ഒന്നു ലേഖനങ്ങളിൽനിന്നോ മറ്റേതെങ്കിലും പുസ്തകത്തിൽനിന്നോ, മറ്റേതു സുവിശേഷങ്ങളിൽനിന്നോ ആകാം. അതിനുശേഷം തുടർന്നു കൊടുത്തിരിക്കുന്നവയിൽ ഒന്നു ചൊല്ലുകയോ പാടുകയോ ചെയ്യണം.

(i)

### സഭയുടെ പാട്ട്

### TEDEUM

ദൈവമേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു; കർത്താവു നീ ആകുന്നു എന്നു ഞങ്ങൾ അനുസരിച്ചുകൊള്ളുന്നു.

നിത്യപിതാവായ നിന്നെ ഭൂമിയെല്ലാം വന്ദിക്കുന്നു.

സകല ദൈവദൂതൻമാരും പരമണ്ഡലങ്ങളും അവയിലുള്ള സകല അധികാരങ്ങളും നിന്നെ നോക്കി ആർക്കുന്നു.

സൈന്യങ്ങളുടെ ദൈവമായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ:

ആകാശവും ഭൂമിയും നിന്റെ പ്രഭാവമഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു,

കെരൂബുകളും സാറാഫുകളും നിന്നെ നോക്കി ഇട വിടാതെ ആർക്കുന്നു.

അപ്പൊസ്തലന്മാരുടെ പ്രഭാവസമൂഹം നിന്നെ സ്തുതിക്കുന്നു.

പ്രവാചകൻമാരുടെ ഉത്തമസംഘം നിന്നെ സ്തുതിക്കുന്നു.

രക്തസാക്ഷിക്കാരുടെ ശ്രേഷ്ഠസൈന്യം നിന്നെ സ്തുതിക്കുന്നു.

അളവില്ലാത്ത മഹത്വമുള്ള പിതാവായ നിന്നെയും

നിന്റെ വന്ദിതനായ സത്യേക പുത്രനെയും, ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെയും, ലോകത്തിൽ എല്ലാടവുമുള്ള വിശുദ്ധസഭ അനുസരിച്ചുകൊള്ളുന്നു.

ക്രിസ്തുവേ, നീ മഹത്വത്തിന്റെ രാജാവാകുന്നു. നീ പിതാവിന്റെ നിത്യപുത്രനാകുന്നു.

മനുഷ്യരെ രക്ഷിപ്പാൻ നീ ഭരമേറ്റപ്പോൾ കന്യകയുടെ ഗർഭത്തെ വെറുത്തില്ല.

നീ മരണത്തിന്റെ മൂർച്ചയെ ജയിച്ചപ്പോൾ എല്ലാ വിശ്വാസികൾക്കും സ്വർഗരാജ്യത്തെ തുറന്നു.

നീ ദൈവത്തിന്റെ വലത്തുഭാഗത്തു പിതാവിന്റെ പ്രഭാവത്തോടെ ഇരിക്കുന്നു.

ഞങ്ങളുടെ വിധികർത്താവായി നീ വരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ആകയാൽ നിന്റെ വിലയേറിയ രക്തംകൊണ്ടു നീ വീണ്ടെടുത്തവരായ നിന്റെ അടിയാർക്കു സഹായിക്കണം എന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

അവരെ എന്നേക്കുമുള്ള മഹത്വത്തിൽ നിന്റെ വിശുദ്ധൻമാരോടുകൂടെ എണ്ണിക്കൊള്ളണമേ.

കർത്താവേ, നിന്റെ ജനങ്ങളെ രക്ഷിച്ചു നിന്റെ അവകാശത്തെ അനുഗ്രഹിക്കണമേ.

അവരെ ഭരിച്ച് എന്നേക്കും അവരെ ഉയർത്തണമെ. ദിനംപ്രതി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.

നിന്റെ നാമത്തെ കാലാവസാനംകൂടാതെ എന്നും ഞങ്ങൾ വന്ദിക്കയും ചെയ്യുന്നു.

കർത്താവേ, ഇന്നു ഞങ്ങളെ പാപംകൂടാതെ കാത്തരുളണമേ.

കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ, ഞങ്ങൾ നിങ്കൽ ആശ്രയിക്കുന്നപ്രകാരം നിന്റെ കരുണ ഞങ്ങളുടെമേൽ ഉണ്ടായിരിക്കണമേ.

കർത്താവേ, ഞാൻ നിങ്കൽ ആശ്രയിച്ചിരിക്കുന്നു; ഞാൻ ഒരിക്കലും ലജ്ജപ്പെടരുതേ.

അല്ലെങ്കിൽ

(ii)

## ശിമ്യോന്റെ പാട്ട്
## NUNC DIMITTIS

ലൂക്കൊസ് 2: 29 - 32

ഇപ്പോൾ നാഥാ, തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു.

ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി,

നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ.

പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും മഹത്വമുണ്ടാകട്ടെ.

ആദിയിങ്കലും ഇപ്പോഴും എന്നേക്കും ഉള്ളപ്രകാരം തന്നെ. ആമെൻ.

## പ്രസംഗവും വിശ്വാസപ്രമാണവും

ഒരു പ്രസംഗം പറയാം. അതിന്റെശേഷം എല്ലാവരും എഴുന്നേറ്റുനിന്ന് അപ്പൊസ്തല വിശ്വാസപ്രമാണം ചൊല്ലുകയോ പാടുകയോ ചെയ്യാം. പ്രസംഗം ഇവിടെ പറയുന്നില്ലെങ്കിൽ വിശ്വാസപ്രമാണത്തിനുശേഷമുള്ള അപേക്ഷകൾ കഴിഞ്ഞിട്ട് ആകാം.

സർവ്വശക്തിയുള്ള പിതാവായി, ആകാശവും ഭൂമിയും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

അവന്റെ ഏകപുത്രനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. ഇവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉൽപ്പാദിപ്പിക്കപ്പെട്ടു ജനിച്ചു, പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ കഷ്ടപ്പെട്ടു, ക്രൂശിക്കപ്പെട്ടു മരിച്ചു, അടക്കപ്പെട്ടു; അവൻ പാതാളത്തിലേക്കിറങ്ങി; മൂന്നാം ദിവസം മരിച്ചവരിൽനിന്നു പിന്നെയും ഉയിർത്തെഴുന്നേറ്റു, അവൻ സ്വർഗത്തിലേക്കു കയറി; സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു; അവിടെനിന്ന് അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിക്കുവാൻ വരികയും ചെയ്യും.

പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കാതോലിക സഭയിലും വിശുദ്ധൻമാരുടെ സംസർഗത്തിലും പാപമോചനത്തിലും ശരീരത്തിന്റെ പുനരുത്ഥാനത്തിലും നിത്യജീവനിലും ഞാൻ വിശ്വസിക്കുന്നു. ആമെൻ.

## നാലാം ഭാഗം

## പ്രാർത്ഥനകൾ

കർത്താവു നിങ്ങളോടുകൂടെ ഇരിക്കട്ടെ.

**നിങ്ങളോടുകൂടെയും.**

നമുക്കു പ്രാർത്ഥിക്കാം.

കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ.

**ക്രിസ്തുവേ, ഞങ്ങളോടു കരുണയുണ്ടാകണമേ.**

കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ.

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമേ; നിന്റെ രാജ്യം വരണമേ; നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. ആമെൻ.**

ശുശ്രൂഷകൻ അന്നത്തേക്കുള്ള അപേക്ഷയോ, അപേക്ഷകളോ ചൊല്ലാം. പിന്നെ താഴെ വരുന്നപ്രകാരം സമാധാനത്തിനായും കൃപയ്ക്കായും ഉള്ള ഓരോ അപേക്ഷയുംകൂടെ ഉപയോഗിക്കണം.

### സമാധാനത്തിനുവേണ്ടിയുള്ള അപേക്ഷ

(i)

സമാധാനത്തിന്റെ കർത്താവും ഐകമത്യത്തിൽ ഇഷ്ടപ്പെടുന്നവനുമായ ദൈവമേ, നിന്നെ അറിയുന്നതിൽ ഞങ്ങളുടെ നിത്യജീവൻ ഇരിക്കുന്നു. നിന്നെ സേവിക്കുന്നതു പൂർണ്ണ സ്വാതന്ത്ര്യമാകുന്നു. നിന്റെ സംരക്ഷണത്തിൽ

ഞങ്ങൾ ഉറപ്പോടെ ആശ്രയിച്ചു, ഞങ്ങൾ യാതൊരു പ്രതിയോഗികളുടെയും ശക്തിയെ ഭയപ്പെടാതെയിരിക്കുവാനായിട്ടു ഞങ്ങളുടെ ശത്രുക്കളുടെ ആക്രമണങ്ങളിലൊക്കെയും നിന്റെ താഴ്മയുള്ള ദാസരായ ഞങ്ങളെ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ബലംമൂലം കാത്തുകൊള്ളണമെ. **ആമെൻ**.

അല്ലെങ്കിൽ

(ii)

ദൈവമേ, സകല വിശുദ്ധ ആഗ്രഹങ്ങളും സകല നല്ല ആലോചനകളും സകല നീതിയുള്ള പ്രവൃത്തികളും നിങ്കൽനിന്നല്ലോ വരുന്നതു; നിന്റെ കല്പനകൾ അനുസരിച്ചു നടക്കുവാനായിട്ടു ഞങ്ങളുടെ ഹൃദയങ്ങൾ ഒരുങ്ങിയിരിക്കുവാനും ഞങ്ങൾ നിന്നാൽ ശത്രുഭയം കൂടാതെ കാക്കപ്പെട്ട് ആശ്വാസത്തോടും ശാന്തതയോടും ഞങ്ങളുടെ കാലം കഴിക്കുവാനും, ലോകത്തിനു തരുവാൻ കഴിയാത്ത സമാധാനം ഞങ്ങളുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ യോഗ്യതകൾമൂലം നിന്റെ അടിയാരായ ഞങ്ങൾക്കു നൽകണമേ. **ആമെൻ**.

## കൃപയ്ക്കായുള്ള അപേക്ഷ

രാവിലെയുള്ള ആരാധനകളിൽ താഴെ വരുന്ന പ്രാർത്ഥനകളിൽ ഒന്ന് ഉപയോഗിക്കാം.

(1)

സർവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ സ്വർഗസ്ഥപിതാവായ കർത്താവേ, ഈ ദിവസത്തിന്റെ ആരംഭംവരെ നീ ഞങ്ങളെ സുഖത്തോടെ കൊണ്ടുവന്നിരിക്കുന്നു; നിന്റെ മഹാശക്തികൊണ്ട് ഇന്നും ഞങ്ങളെ കാത്തുകൊള്ളണമേ; ഇന്നേദിവസം ഞങ്ങൾ യാതൊരു പാപത്തിലും വീഴാതെയും യാതൊരു ആപത്തിലും അക

പ്പെടാതെയും, നിന്റെ മുമ്പാകെ നീതിയായുള്ളതിനെ എല്ലായ്പോഴും ചെയ്യുവാനായി ഞങ്ങളുടെ സകല ക്രിയകളും നിന്റെ ഭരണത്താൽ നടത്തപ്പെടേണ്ടതിനു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം കൃപ ചെയ്യണമേ. **ആമെൻ.**

അല്ലെങ്കിൽ

(2)

സർവ്വശക്തനായ കർത്താവേ, നിത്യദൈവമേ, നിന്റെ മഹാ ശക്തിയുള്ള സംരക്ഷണകൊണ്ടു ഞങ്ങൾ ഇവിടെയും എന്നേക്കും ശരീരത്തിലും ആത്മാവിലും പാലിക്കപ്പെടേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളെയും ശരീരങ്ങളെയും നിന്റെ പ്രമാണങ്ങളുടെ വഴികളിലും നിന്റെ കല്പനകൾക്കു ചേർന്ന ക്രിയകളിലും നടത്തി ശുദ്ധീകരിച്ചു ഭരിക്കുവാൻ ഇഷ്ടം തോന്നണമെന്നു ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമെൻ.**

അല്ലെങ്കിൽ

(3)

സകല നൻമകളുടെയും കാരണനും ദാതാവുമായി സകല ശക്തിയും ബലവുമുള്ള കർത്താവേ, നിന്റെ നാമത്തോടുള്ള സ്നേഹത്തെ ഞങ്ങളുടെ ഹൃദയങ്ങളിൽ നട്ടു, സത്യമായ ദൈവഭക്തിയെ ഞങ്ങളിൽ വർദ്ധിപ്പിച്ചു, സകല നൻമകൊണ്ടും ഞങ്ങളെ പോഷിപ്പിച്ച് ഇവയിൽത്തന്നെ നിന്റെ മഹാകരുണകൊണ്ടു ഞങ്ങളെ നിലനിറുത്തണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമെൻ.**

വൈകുന്നേരത്തെ ആരാധനയിൽ താഴെയുള്ള പ്രാർത്ഥനകളിൽ ഒന്ന് ഉപയോഗിക്കണം.

(1)

കർത്താവേ, ഞങ്ങളുടെ ഇരുളിനെ വെളിച്ചമാക്കി നിന്റെ മഹാകരുണകൊണ്ട് ഇന്നു രാത്രിയിലെ സകല ആപത്തുകളിൽനിന്നും അപകടങ്ങളിൽനിന്നും നിന്റെ ഏകപുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ സ്നേഹംനിമിത്തം ഞങ്ങളെ കാക്കണമെന്നു ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. **ആമെൻ.**

അല്ലെങ്കിൽ

കരുണയുള്ള ദൈവമേ, നീ ഞങ്ങളുടെ അടുക്കലേക്കു വന്ന് ഈ രാത്രിയിലെ നിശ്ശബ്ദയാമങ്ങളിൽ ഞങ്ങളെ കാത്തുകൊള്ളണമേ. അങ്ങനെ ഈ ക്ഷണികമായ ലോകത്തിലെ മാറ്റങ്ങളും തിരിച്ചിലുകളുംമൂലമായി ക്ഷീണിച്ചിരിക്കുന്ന ഞങ്ങൾ ഒരിക്കലും മാറ്റമില്ലാത്തവനായ നിന്നിൽ വിശ്രമിക്കുമാറാകണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമെൻ.**

ഇവിടെ ഒരു പാട്ടു പാടാം. അതിന്റെശേഷം ശുശ്രൂഷകൻ ആരാധനക്രമത്തിൽനിന്നോ സ്വന്തവാക്കുകൾ ഉപയോഗിച്ചോ സന്ദർഭോചിതമായ പ്രാർത്ഥനകളും സ്തോത്രങ്ങളും അർപ്പിക്കണം. അതിൽ രാഷ്ട്രത്തിനും ഭരണകർത്താക്കൾക്കുംവേണ്ടിയുള്ള ഒരു പ്രാർത്ഥന എപ്പോഴും ഉണ്ടായിരിക്കേണ്ടതാണു. അല്ലെങ്കിൽ കർത്താവിന്റെ അത്താഴത്തിനുള്ള ക്രമത്തിലെ ലിത്താനികളിൽ ഒന്ന് ഇവിടെ പാടുകയോ ചൊല്ലുകയോ ചെയ്യാം. ഏതാനും പ്രാർത്ഥനകൾ ഈ പുസ്തകത്തിൽതന്നെ ചേർത്തിട്ടുണ്ട്.

* സ്തോത്രപ്രാർത്ഥനകളിൽ പൊതുവിലുള്ള സ്തോത്രവും ഉപയോഗിക്കാം.

സർവ്വശക്തിയുള്ള ദൈവമേ, സകല കരുണകളുടെയും പിതാവേ, അയോഗ്യരായ അടിയാരോടും സകല മനുഷ്യരോടും നിനക്കുള്ള സകല നൻമയ്ക്കായിട്ടും ആർദ്രകരുണയ്ക്കായിട്ടും ഞങ്ങൾ നിനക്കു മഹാവിനയവും മനഃപൂർവ്വവും ആയുള്ള സ്തോത്രം ചെയ്യുന്നു. ഞങ്ങളെ സൃഷ്ടിച്ചതിനും പരിപാലിക്കുന്നതിനും ഈ ആയുസ്സിലെ സകല അനുഗ്രഹങ്ങൾക്കുംവേണ്ടിയും, എല്ലാറ്റിനും മേലായി ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ലോകത്തെ വീണ്ടെടുത്ത നിന്റെ വിലമതിച്ചുകൂടാത്ത സ്നേഹത്തിനുവേണ്ടിയും, കൃപാവഴികൾക്കുവേണ്ടിയും, മഹത്വത്തിന്റെ പ്രത്യാശയ്ക്കുവേണ്ടിയും, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങൾ മായംകൂടാതെ നന്ദിയുള്ളവയായി തീരേണ്ടതിനും നിന്നെ സേവിക്കുന്നതിനു ഞങ്ങളെ ഏല്പിച്ചു, ഞങ്ങളുടെ നാളുകളൊക്കെയും വിശുദ്ധിയോടും നീതിയോടും നിന്റെ മുമ്പാകെ നടന്നു, അങ്ങനെ ഞങ്ങളുടെ അധരങ്ങൾകൊണ്ടു മാത്രമല്ല, ഞങ്ങളുടെ നടപ്പിലുംകൂടെ നിന്റെ സ്തുതിയെ പ്രസിദ്ധപ്പെടുത്തേണ്ടതിന്നും നിന്റെ സകല കരുണകളെയുംകുറിച്ചു തക്കതായ ബോധം ഞങ്ങൾക്കു തരണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. അവനും നിനക്കും പരിശുദ്ധാത്മാവിനും, സകല ബഹുമാനവും മഹത്വവും കാലാവസാനംകൂടാതെ ഉണ്ടായിരിക്കണമേ. ആമെൻ.

പ്രാർത്ഥനകളുടെയും സ്തോത്രങ്ങളുടെയും ഒടുവിൽ താഴെ ചേർത്തിരിക്കുന്നവയിൽ ഒന്നുംകൂടെ ഉപയോഗിക്കാം.

(1)

സർവ്വശക്തിയുള്ള ദൈവമേ, ഈ സമയത്ത് ഏകമനസ്സോടെ ഞങ്ങളുടെ പൊതുവായ അപേക്ഷകളെ കഴിക്കു

വാൻ നീ ഞങ്ങൾക്കു കൃപ തന്നിരിക്കുന്നു; രണ്ടോ മൂന്നോ പേർ നിന്റെ നാമത്തിൽ കൂടുമ്പോൾ അവരുടെ അപേക്ഷകളിൻപ്രകാരം നൽകുമെന്നു വാഗ്ദത്തവും ചെയ്തിരിക്കുന്നു; ഇപ്പോൾ കർത്താവേ, നിന്റെ അടിയാരുടെ ആഗ്രഹങ്ങളെയും അപേക്ഷകളെയും ഞങ്ങൾക്ക് ഏറ്റവും ഉപകാരമാകുംവണ്ണം നിവൃത്തി വരുത്തി ഇഹലോകത്തിൽ സത്യത്തിന്റെ പരിജ്ഞാനവും പരലോകത്തിൽ നിത്യജീവനും ഞങ്ങൾക്കു തരണമേ. ആമെൻ.

അല്ലെങ്കിൽ

(2)

കർത്താവേ, നിന്നെ നോക്കി വിളിക്കുന്നവരായ നിന്റെ ജനങ്ങളുടെ പ്രാർത്ഥനകളെ കരുണയോടെ കൈക്കൊള്ളണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഇന്നിന്ന കാര്യങ്ങളെ ചെയ്യേണ്ടതാകുന്നു എന്ന് അവർ കണ്ടറിവാനും, അവയെ വിശ്വസ്തതയോടെ നിവർത്തിക്കുവാൻ അവർക്കു കൃപയും ശക്തിയും ലഭിക്കുവാനും ഞങ്ങളുടെ കർത്താവായ യേശുമശിഹാ മൂലം കൃപയരുളണമേ. **ആമെൻ.**

അറിയിപ്പുകൾ ഈ അവസരത്തിൽ നൽകാം. ഒരു പാട്ടു പാടാവുന്നതാണ്. വചനശുശ്രൂഷയോടുകൂടെ പ്രസംഗം പറഞ്ഞില്ലെങ്കിൽ അത് ഇവിടെ പറയാം.

### അഞ്ചാം ഭാഗം

## വഴിപാടു സമർപ്പണവും ആശീർവ്വാദവും

പിന്നെ പാട്ടു പാടുമ്പോൾ വഴിപാടു സ്വീകരിക്കണം. ശുശ്രൂഷകൻ അതു സ്വീകരിച്ചു ജനങ്ങളുടെ നാമത്തിൽ ഒരു പ്രാർത്ഥനയോടുകൂടെ അർപ്പിക്കണം. തുടർന്നു വരുന്ന പ്രാർത്ഥനകളിൽ ഒന്ന് അതിന് ഉപയോഗിക്കാവുന്നതാണു.

(1)

സകല നല്ല ദാനങ്ങളുടെയും ദാതാവായ ദൈവമേ, നിന്റെ ജനങ്ങളുടെ വഴിപാടു കരുണയോടെ കൈക്കൊള്ളണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ലോകത്തിലെങ്ങും സമാധാനവും സംപ്രീതിയും വർദ്ധിച്ചു വളരുവാൻ തക്കവണ്ണം ഈ വഴിപാടിനെയും, ഇത് അർപ്പിക്കുന്ന നിന്റെ ജനങ്ങളെയും അനുഗ്രഹിക്കണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ പ്രാർത്ഥിക്കുന്നു. **ആമെൻ.**

അല്ലെങ്കിൽ

(2)

സർവ്വശക്തനായ ദൈവമേ, സ്വന്തപുത്രനെ ആദരിക്കാതെ ഞങ്ങൾക്ക് എല്ലാവർക്കുംവേണ്ടി ഏല്പിച്ചുതരികയും, അവനോടുകൂടെ സകലവും ഞങ്ങൾക്കു സൗജന്യമായി നൽകുകയും ചെയ്തിരിക്കുന്ന ഞങ്ങളുടെ സ്വർഗസ്ഥ പിതാവേ, ഞങ്ങൾ തിരുമുമ്പാകെ കൊണ്ടുവന്നു സമർപ്പിക്കുന്ന ഈ വഴിപാടുകൾ കൈക്കൊള്ളണമേ. ഞങ്ങൾ ഞങ്ങളുടെ ദേഹംകൊണ്ടും ദേഹികൊണ്ടും ആത്മാവുകൊണ്ടും നിന്നെ സത്യമായും സ്വാതന്ത്ര്യമായും സേവിക്കുകയും നിന്റെ സേവയിൽ ഞങ്ങളുടെ പൂർണ്ണ സന്തോഷവും ആനന്ദവും കണ്ടെത്തുകയും ചെയ്യേണ്ടതിന് ഈ ദാനങ്ങളോടുകൂടെ ഞങ്ങളെത്തന്നെ നിനക്ക് ഏല്പിച്ചുതരുവാൻ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം കൃപ ചെയ്യണമേ. **ആമെൻ.**

ശുശ്രൂഷകൻ ജനങ്ങളെ ആശീർവ്വദിച്ച് അയയ്ക്കണം. താഴെ ചേർത്തിരിക്കുന്നവയിൽ ഏതെങ്കിലും ഒരു ആശീർവ്വാദം ഉപയോഗിക്കാം.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും (നിങ്ങളെ)ല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ. **ആമെൻ.**

**ദൈവത്തിന്റെ** കരുണയുള്ള കൃപയിലും കാവലിലും ഞങ്ങൾ നിങ്ങളെ ഭരമേല്പിക്കുന്നു. പിതാവും പുത്രനും

പരിശുദ്ധാത്മാവുമായ സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളുടെയിടയിൽ ഉണ്ടായി എല്ലായ്പോഴും നിങ്ങളോടുകൂടെ ഇരിക്കട്ടെ. **ആമെൻ.**

കർത്താവു നിങ്ങളെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ. കർത്താവു തിരുമുഖം നിങ്ങളുടെമേൽ പ്രകാശിപ്പിച്ചു നിങ്ങളോടു കൃപയുള്ളവനാകട്ടെ. കർത്താവു തിരുമുഖം നിങ്ങളുടെമേൽ ഉയർത്തി നിങ്ങൾക്കു സമാധാനം തരുമാറാകട്ടെ. **ആമെൻ.**

ശുശ്രൂഷകൻ "നിങ്ങൾ" എന്നതിനു പകരം "ഞങ്ങൾ" എന്നോ "നാം" എന്നോ ഉപയോഗിക്കാം.

അല്ലെങ്കിൽ താഴെ ഉള്ളവയിൽ ഒരെണ്ണം ഉപയോഗിക്കാം.

നമ്മെയും സകല ലോകത്തെയും ഉണ്ടാക്കിയിരിക്കുന്ന പിതാവായ ദൈവത്തിനും, നമ്മെയും സകല മനുഷ്യ ജാതിയെയും വീണ്ടെടുത്തിരിക്കുന്ന പുത്രനായ ദൈവത്തിനും, നമ്മെയും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട സകലരെയും ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവായ ദൈവത്തിനും സർവ്വമഹത്വവും എന്നന്നേക്കും ഉണ്ടായിരിക്കട്ടെ. **ആമെൻ.**

നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ. **ആമെൻ.**

എഫെ. 3: 20, 21

ശുശ്രൂഷകർക്കുള്ള സൂചനകൾ:- കാലത്തേക്കും വൈകുന്നേരത്തേക്കുമുള്ള രണ്ടു ശുശ്രൂഷകൾ ഒരുമിച്ചു ചേർത്താണ് ഈ പുസ്തകത്തിൽ അച്ചടിച്ചിരിക്കുന്നത്. ശുശ്രൂഷകൾ അഞ്ചു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

1. പ്രാരംഭം. 2. പാപസ്വീകാരം. 3. വചനശുശ്രൂഷ. 4. അപേക്ഷകൾ. 5. വഴിപാടുസമർപ്പണവും ആശീർവ്വാദവും. ഓരോ ഭാഗത്തിൽനിന്നും ആവശ്യമുള്ളവ നേരത്തെ തിരഞ്ഞെടുക്കണം. നാലാം ഭാഗത്തു സന്ദർഭോചിതമായി ഉപയോഗിക്കുവാനുള്ള പ്രാർത്ഥനകൾ തുടർന്നു ചേർത്തിരിക്കുന്നവയിൽനിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

# പ്രത്യേക പ്രാർത്ഥനകൾ

1

### പട്ടക്കാർക്കും ജനങ്ങൾക്കും

കർത്താവേ, നിന്റെ ശുശ്രൂഷകൻമാരെ നീതി ധരിപ്പിക്കേണമേ.

*നീ തിരഞ്ഞെടുത്ത ജനങ്ങളെ സന്തോഷിപ്പിക്കേണമേ.*

സർവ്വശക്തനും നിത്യനുമായ ദൈവമേ, എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും നിങ്കൽനിന്നല്ലോ വരുന്നതു. ഞങ്ങളുടെ എപ്പിസ്ക്കോപ്പാമാർ, പട്ടക്കാർ, സഭാപ്രവർത്തകർ എന്നിവരുടെമേലും, അവരുടെ വിചാരണയിലുള്ള ജനങ്ങളുടെമേലും നിന്റെ കൃപയുടെ സുഖകരമായുള്ള ആത്മാവിനെ അയയ്ക്കേണമേ. അവർ നിന്നെ സത്യമായി പ്രസാദിപ്പിക്കേണ്ടതിന് അവരുടെമേൽ നിന്റെ അനുഗ്രഹമാകുന്ന നിരന്തരമായ മഞ്ഞു പൊഴിക്കേണമേ. കർത്താവേ, ഞങ്ങളുടെ കാര്യസ്ഥനും മദ്ധ്യസ്ഥനുമായ യേശുമശിഹായുടെ ബഹുമാനത്തിനായിട്ട് ഇതിനെ നൽകേണമേ. **ആമെൻ.**

2

### പട്ടം ഏല്പാനിരിക്കുന്നവർക്കു

ദൈവത്തിന്റെ ദാസൻമാർ അവനെ ആരാധിക്കും.

*അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും.*

സർവ്വശക്തനായി സകല നല്ല ദാനങ്ങളെയും തരുന്നവനായ ദൈവമേ, ദിവ്യവിചാരണയാൽ തിരുസഭയിൽ പല

സ്ഥാനങ്ങളെയും നിയമിച്ചിരിക്കുന്നു; ആയതിൽ ഏതു സ്ഥാനത്തിന്നും ശുശ്രൂഷയ്ക്കും വിളിക്കപ്പെടുവാനുള്ള എല്ലാവർക്കും നിന്റെ കൃപ നൽകേണമെ. അവർ തിരുനാമ മഹത്വത്തിനായും നിന്റെ വിശുദ്ധസഭയുടെ പ്രയോജനത്തിനായും നിന്റെ മുമ്പാകെ വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്യേണ്ടതിന് അവരെ നിന്റെ സത്യോപദേശംകൊണ്ടു നിറച്ചു കുറ്റമില്ലാത്ത നടപ്പുകൊണ്ട് അവരെ ധരിപ്പിക്കേണമെന്നു ഞങ്ങളുടെ കർത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു. ആമെൻ.

3

## സുവിശേഷ പ്രസിദ്ധിക്കു

**ജാതികളുടെ ഇടയിൽ അവന്റെ മഹത്വവും**

*സകല വംശങ്ങളുടെയും ഇടയിൽ അവന്റെ അത്ഭുതങ്ങളും വിവരിക്കുവിൻ.*

ഭൂമിയിലെ സകല ജാതികളുടെയും ദൈവമേ, ക്രിസ്തേതരരായ ലക്ഷോപലക്ഷങ്ങളെ ഓർക്കേണമേ. നിന്റെ സാദൃശ്യത്തിൽ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എങ്കിലും നിന്റെ സ്നേഹത്തെ അവർ അറിയുന്നില്ലല്ലോ. നിന്റെ വിശുദ്ധസഭയുടെ പ്രാർത്ഥനകളാലും പ്രയത്നങ്ങളാലും അവരെല്ലാവരും സകല അന്ധതയിൽനിന്നും അവിശ്വാസത്തിൽനിന്നും വിടുവിക്കപ്പെട്ടു നിന്റെ പുത്രനായ യേശുമശിഹായുടെ പരിഹാരയാഗത്തിന് ഒത്തവണ്ണം നിന്നെ ആരാധിക്കുമാറാകേണമേ. ഞങ്ങളുടെ രക്ഷയ്ക്കായിട്ടു നീ അയച്ചവനും എല്ലാ വിശ്വാസികളുടെയും പുനരുത്ഥാനവും ജീവനുമായ ആ യേശുമശിഹാ മുഖാന്തരം ഇതിനെ നിവർത്തിക്കേണമേ. **ആമെൻ.**

4

## ക്രിസ്തീയ ഐക്യത്തിന്

ഇതാ സഹോദരൻമാർ ഒത്തൊരുമിച്ചു വസിക്കുന്നത്

*എത്ര ശുഭവും എത്ര മനോഹരവുമാകുന്നു.*

"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു" എന്നു തന്റെ അപ്പൊസ്തലൻമാരോട് അരുളിച്ചെയ്ത കർത്താവായ യേശുമശിഹായേ, ഞങ്ങളുടെ പാപങ്ങളെയല്ല നിന്റെ സഭയുടെ വിശ്വാസത്തെ ഓർത്തു നിന്റെ ഇഷ്ടത്തിന് അനുസരണമായ സമാധാനവും ഐക്യവും നിന്റെ സഭയ്ക്കും നൽകേണമെന്നു പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. **ആമെൻ.**

5

## സ്ഥിരീകരണത്തിന് ഒരുങ്ങുന്നവർക്ക്

നിന്റെ ഇഷ്ടം ചെയ്വാൻ അവരെ പഠിപ്പിക്കേണമേ.

*നിന്റെ നല്ല ആത്മാവ് നേർനിലത്തിൽ അവരെ നടത്തുമാറാകട്ടെ.*

നിന്റെ പുത്രനായ ഞങ്ങളുടെ കർത്താവായ യേശുമശിഹായുടെ ഉപദേശത്താൽ ആശ്വാസപ്രദന്റെ വരവിനായി ശിഷ്യൻമാരെ ഒരുക്കിയ സർവ്വശക്തനായ ദൈവമേ, കൈവെപ്പിനാൽ പരിശുദ്ധാത്മവരം അന്വേഷിക്കുന്ന നിന്റെ ഈ ദാസരുടെ ഹൃദയങ്ങളെയും മനസ്സുകളെയും ഒരുക്കേണമേ. അങ്ങനെ അവർ അനുതാപവും വിശ്വസ്തതയുമുള്ള ഹൃദയങ്ങളുള്ളവരായി അടുത്തുവന്ന് ആത്മാവിന്റെ അധിവാസത്താൽ നിറയപ്പെടേണ്ടതിനു കൃപ തരേണമെന്നു ഞങ്ങളുടെ കർത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമെൻ.**

6

## സൺഡേസ്കൂളുകൾക്ക്

ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ?

*നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ.*

പൈതങ്ങളെ പരിപാലിച്ചു വളർത്തുവാൻ നിന്റെ വിശുദ്ധ സഭയെ ഭരമേല്പിച്ചിരിക്കുന്ന സ്വർഗസ്ഥ പിതാവായ ദൈവമേ, എല്ലാ സൺഡേസ്കൂളുകൾക്കുവേണ്ടിയും ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. അതിൽ പഠിക്കുന്നവരെയും പഠിപ്പിക്കുന്നവരെയും നിന്റെ ജ്ഞാനത്താൽ പ്രകാശിപ്പിക്കേണമേ. നിന്റെ സത്യത്തെക്കുറിച്ചുള്ള അറിവിൽ അവർ ഉല്ലസിച്ചു നിന്നെ ആരാധിക്കുവാനും തങ്ങളുടെ ആയുഷ്ക്കാലമെല്ലാം നിനക്കു സേവനം ചെയ്യുവാനും ഞങ്ങളുടെ കർത്താവായ യേശുമശിഹാ മൂലം കൃപ ചെയ്യേണമേ. **ആമെൻ.**

7

## വിദ്യാലയങ്ങൾക്ക്

യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു.

*അവയെ ആചരിക്കുന്ന എല്ലാവർക്കും നല്ല ബുദ്ധിയുണ്ട്.*

ഞങ്ങളുടെ സ്വർഗസ്ഥപിതാവേ, 'ശിശുക്കളെ എന്റെ **അടുക്കൽ വരുവാൻ വിടുവിൻ'** എന്നു നിന്റെ വാഴ്ത്തപ്പെട്ട പുത്രൻ അരുളിച്ചെയ്തുവല്ലോ. എല്ലാ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അനുഗ്രഹിച്ച് അവരുടെ പ്രയത്നങ്ങളെ സഫലമാക്കേണമേ. കുട്ടികളുടെ മനസ്സുകൾ ജ്ഞാനത്താൽ പ്രകാശിപ്പിക്കപ്പെടുന്തോറും പരിശുദ്ധാത്മാവിനാൽ അവരുടെ ഹൃദയങ്ങൾ ദിനംപ്രതി നിന്നോടും, നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ

യേശുക്രിസ്തുവിനോടുമുള്ള സ്നേഹത്താൽ നിറയപ്പെടുവാനും കൃപയരുളേണമെ. **ആമെൻ.**

8

## സർവ്വകലാശാലകൾക്കും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും

കർത്താവിനോടുള്ള ഭക്തിതന്നെ ജ്ഞാനം.

*ദോഷം അകന്നു നടക്കുന്നതുതന്നെ വിവേകം.*

സകല ജ്ഞാനത്തിന്റെയും ഉറവയാകുന്ന വാഴ്ത്തപ്പെട്ട കർത്താവേ, എല്ലാ കലാശാലകൾക്കും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവയിൽ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും നിന്റെ വിശുദ്ധ ഹിതത്തെ അനുസരിക്കുന്നതിന് ഇടവിടാതെ ജാഗരൂകരായിരിക്കുവാൻ കൃപ ചെയ്യേണമേ. നിന്റെ സത്യത്തെക്കുറിച്ചുള്ള അറിവിലേക്ക് അവർ നടത്തപ്പെടുവാൻ തക്കവണ്ണം അവയിലെ പ്രവർത്തനങ്ങളെ ആശീർവ്വദിച്ച് ഐശ്വര്യപ്പെടുത്തേണമേ. അങ്ങനെ സഭയ്ക്കും രാഷ്ട്രത്തിനും അവരുടെ പഠിത്തംകൊണ്ടു നന്മ വരുമാറാകേണമേ. അവർ നിന്റെ ജീവന്റെ അനുഭവക്കാരാകേണ്ടതിനു കൃപ നൽകുകയും ചെയ്യണമെന്നു ഞങ്ങളുടെ കർത്താവായ യേശു മശിഹാ മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമെൻ.**

9

## ലോകസമാധാനത്തിന്

യഹോവ രാജാവായി എന്നേക്കും വാഴുന്നു.

*യഹോവ തന്റെ ജനങ്ങൾക്കു സമാധാനമാകുന്ന അനുഗ്രഹം നൽകും.*

സത്യത്തിന്റെയും സമാധാനത്തിന്റെയും ഉറവയാകുന്ന സർവ്വശക്തനായ ദൈവമേ, നിന്റെ സ്നേഹത്തെക്കുറിച്ചുള്ള അറിവുകൊണ്ടു ഭൂമി മുഴുവൻ നിറയുവോളം ശാന്തതയിൽ നിന്റെ രാജ്യം പുരോഗമിക്കത്തക്കവണ്ണം സകല

മനുഷ്യരിലും സമാധാനത്തിനായുള്ള യഥാർത്ഥ വാഞ്ഛ ഉളവാക്കണമേ. എല്ലാ രാജ്യങ്ങളിലും നേതൃത്വം വഹിക്കുന്നവരുടെ ഹൃദയങ്ങളെ വിശുദ്ധവും സമാധാനപരവുമായ ജ്ഞാനംകൊണ്ടു നടത്തണമെന്നു ഞങ്ങളുടെ കർത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമെൻ.**

10

## വിളവുകളിൻമേൽ അനുഗ്രഹത്തിന്

എല്ലാവരുടെയും കണ്ണു നിന്നെ നോക്കി കാത്തിരിക്കുന്നു.

*നീ തത്സമയത്ത് അവർക്ക് ആഹാരം കൊടുക്കുന്നു.*

സർവ്വശക്തനായ ദൈവമേ, ഭൂമി ഫലപുഷ്ടിയുള്ളതായി മനുഷ്യജീവിതത്തിന് ആവശ്യമായ സകലവും ധാരാളമായി ഉദ്ഭവിക്കത്തക്കവണ്ണം നീ അതിനെ ധാരാളമായി അനുഗ്രഹിച്ചുവല്ലോ. അതിൽ അദ്ധ്വാനിക്കുന്ന കർഷകരുടെ പ്രയത്നങ്ങളെ അഭിവൃദ്ധിപ്പെടുത്തണമേ. ഭൂമിയുടെ ഫലങ്ങൾ അതതു സമയത്തു ഞങ്ങൾ അനുഭവിച്ചിട്ടു നിന്റെ നൻമയിൽ സന്തോഷിക്കുകയും നിന്റെ വിശുദ്ധ നാമത്തെ സ്തുതിക്കുകയും ചെയ്യേണ്ടതിന് അനുകൂലമായ കാലാവസ്ഥ തന്നു ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമെൻ.**

11

## സഭയുടെ ഭരണസമിതിക്ക്

നമ്മുടെ ഉള്ളം യഹോവയ്ക്കായി കാത്തിരിക്കുന്നു.

*അവൻ നമ്മുടെ സഹായവും പരിചയും ആകുന്നു.*

സൗമ്യതയുള്ളവരെ നീതിയിൽ നടത്തുകയും തന്നിൽ ആശ്രയിക്കുന്നവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിപ്പിക്കുകയും ചെയ്യുന്ന ദൈവമേ, ഞങ്ങളുടെ എല്ലാ സംശയങ്ങളിലും

നിശ്ചയമില്ലായ്മയിലും ഞങ്ങൾ എന്തു ചെയ്യുവാൻ നിന ക്ക് ഇഷ്ടമായിരിക്കുന്നുവെന്നു ചോദിക്കുവാനുള്ള കൃപ ഞങ്ങൾക്കു തരണമെ. എല്ലാ തെറ്റായ തെരഞ്ഞെടുപ്പുക ളിൽനിന്നും വിടുവിക്കപ്പെടേണ്ടതിനും ജ്ഞാനത്തിന്റെ ആത്മാവിനെ ഞങ്ങൾക്കു നൽകണമെ. അങ്ങനെ നിന്റെ പ്രകാശത്തിൽ പ്രകാശം കാണുകയും നിന്റെ നേരേയുള്ള പാതയിൽനിന്നു ഞങ്ങൾ ഇടറിപ്പോകാതിരിക്കുകയും ചെയ്യുവാൻ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം കൃപചെയ്യണമെ. **ആമെൻ.**

12

## രോഗികൾക്കും കഷ്ടപ്പെടുന്നവർക്കും

നുറുങ്ങിയ ഹൃദയമുള്ളവരെ അവൻ കടാക്ഷിക്കുന്നു.

*അവരുടെ രോഗമൊക്കെയും സൗഖ്യമാക്കുന്നു.*

ജീവന്റെയും ആരോഗ്യത്തിന്റെയും ദാതാവായ സർവ്വ ശക്തനായ പിതാവേ, സകല രോഗികളെയും ദുഃഖിത രെയും, (പ്രത്യേകം ഞങ്ങൾ തിരുസന്നിധിയിൽ ഓർക്കു ന്നവരെയും) കരുണയോടെ ദർശിക്കണമെ. തിരുവിഷ്ട മായാൽ അവർ ശരീരത്തിലും ആത്മാവിലും സൗഖ്യം പ്രാപിച്ചു വിശുദ്ധസഭയിൽ നിന്നെ സ്തുതിക്കുവാൻ തക്ക വണ്ണം അവരെയും അവരെ ശുശ്രൂഷിക്കുന്നവരെയും അനുഗ്രഹിക്കണമെന്നു യേശുമശിഹാ മൂലം അപേക്ഷി ക്കുന്നു. **ആമെൻ.**

13

## ആശുപത്രികൾക്ക്

അവൻ നമ്മുടെ ബലഹീനതകളെ എടുത്തു.

*അവൻ നമ്മുടെ വ്യാധികളെ ചുമന്നു.*

നന്മ ചെയ്തും സകലവിധ രോഗങ്ങളെയും സൗഖ്യമാ ക്കിയുംകൊണ്ടു സഞ്ചരിച്ച യേശുക്രിസ്തുവിന്റെ പിതാ വായ ദൈവമേ, ഈ കാരുണ്യപ്രവൃത്തി ഞങ്ങളുടെ ആശു

പത്രികളിലും ആതുരശാലകളിലും തുടർന്നുകൊള്ളണമേ. രോഗികളെ സൗഖ്യമാക്കുകയും ആശ്വസിപ്പിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യണമേ. വൈദ്യൻമാർക്കും പരിചാരികമാർക്കും ജ്ഞാനവും സാമർത്ഥ്യവും സഹതാപവും ക്ഷമയും നൽകണമേ. വേദന ശമിപ്പിക്കുന്നതിനും ഇല്ലായ്മ ചെയ്യുന്നതിനും നിന്റെ സ്നേഹോദ്ദേശ്യങ്ങളെ പുരോഗമിപ്പിക്കുന്നതിനും ശ്രമിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമെന്നു യേശുമശിഹാ മൂലം അപേക്ഷിക്കുന്നു. **ആമെൻ.**

14

## വ്യവസായ സ്ഥാപനങ്ങൾക്ക്

കർത്താവേ, ഞങ്ങളുടെ കൈകളുടെ പ്രവൃത്തിയെ സാദ്ധ്യമാക്കിത്തരണമേ.

*അതെ, ഞങ്ങളുടെ കൈകളുടെ പ്രവൃത്തിയെ സാദ്ധ്യമാക്കിത്തരണമേ.*

സർവ്വശക്തനായ പിതാവേ, നിന്റെ പുത്രനായ യേശുമശിഹാ മൂലം ശരീരാദ്ധ്വാനത്തെ മനുഷ്യവർഗത്തിന്റെ നൻമയ്ക്കായി വിശുദ്ധീകരിച്ചുവല്ലോ. ഞങ്ങളുടെ നാട്ടിലെ എല്ലാ വ്യവസായങ്ങളെയും അവയിൽ ഏർപ്പെട്ടിരിക്കുന്ന സകലരെയും അനുഗ്രഹിക്കണമെ. അവർക്കു നേരിടുന്ന എല്ലാ പരീക്ഷകളിൻമേലും അവർക്കു ജയം നൽകണമേ. സകല ആപത്തുകളിൽനിന്നും അവരെ വിടുവിക്കണമേ. അവരുടെ ആവശ്യങ്ങൾക്കനുസരണമായി പ്രതിഫലം അവർക്കു ലഭിക്കുമാറാകണമേ. അതിൽ ഏർപ്പെടുന്ന എല്ലാവരും അന്യോന്യമുള്ള തങ്ങളുടെ ഇടപാടുകളിലും നിന്നിൽ അവർക്കുള്ള സഹോദരബന്ധം പ്രത്യക്ഷപ്പെടുത്തുവാൻ സാധിക്കേണ്ടതിനു സ്നേഹത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും ചിന്തകൾകൊണ്ട് അവരെ നിറയ്ക്കണമേ. എല്ലാവരും തിരുഹിതത്തിനനുസരണമായി

ജീവിച്ചു തിരുനാമത്തെ മഹത്വപ്പെടുത്തുവാൻ കൃപയരുളുകയും ചെയ്യണമെന്നു യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമെൻ.**

15

## ദൂരസ്ഥരായ പ്രിയപ്പെട്ടവർക്കുവേണ്ടി

യഹോവയുടെ ദയയോ എന്നും എന്നേക്കും അവന്റെ ഭക്തൻമാർക്കും

*അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും.*

സർവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളിൽ നിന്നു ദൂരെ ഇരിക്കുന്ന എല്ലാവരെയും നിന്റെ കരുണയുള്ള സംരക്ഷണയിലും കാവലിലും ഞങ്ങൾ ഭരമേല്പിക്കുന്നു. നിന്നോടുള്ള സംസർഗത്തിൽ ഞങ്ങൾ സമീപസ്ഥരാകുന്നുവല്ലോ. തിരുക്കൂട്ടായ്മയിൽനിന്ന് അകന്നിരിക്കുവാൻ അവരെ സമ്മതിക്കരുതേ. ധന്യവും പരിശുദ്ധവുമായ തിരുസംസർഗത്തിൽ ഞങ്ങളെയും അവരെയും കാത്തുകൊള്ളേണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമെൻ.**

16

## ജൻമനാൾ കൊണ്ടാടുന്നവർക്കുവേണ്ടി

എൻമനമേ, യഹോവയെ വാഴ്ത്തുക.

*അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു.*

സർവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ നാളുകൾ പെരുകുന്നതു നിന്റെ കൃപകൊണ്ടു മാത്രമാകുന്നുവല്ലോ. കഴിഞ്ഞ ആഴ്ചയിൽ ജൻമദിനം കൊണ്ടാടിയ എല്ലാവരെയും ഞങ്ങൾ തിരുമുമ്പിൽ ഓർക്കുന്നു. വേറെ ഒരാണ്ടിന്റെ ആരംഭത്തിലേക്കു നീ അവരെ സുഖത്തോടും സമാധാനത്തോടും കൊണ്ടുവന്നിരിക്കുന്നതിനായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. കഴിഞ്ഞകാല ത്തെ അവ

രുടെ പാപങ്ങളെല്ലാം അവരോടു ക്ഷമിച്ചു, അവരുടെ ആയുസ്സിന്റെ എല്ലാ നാളും അവരോടുകൂടെ ഇരിക്കേണമേ. തിരുകൃപാപ്രകാശത്തിൽ അവരെ നടത്തുക യും, മഹത്വരാജ്യത്തിനായി അവരെ ഒരുക്കുകയും ചെയ്യേണമെന്നു ഞങ്ങളുടെ കർത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമെൻ.**

17

## ഇന്ത്യാരാജ്യത്തിനുവേണ്ടി

സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ട്.

*യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗമാകുന്നു.*

കർത്താവേ, ഇന്ത്യാരാജ്യത്തെ കരുണയോടെ കടാക്ഷിക്കേണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഈ രാജ്യത്തുള്ള എല്ലാവരും ഒത്തൊരുമിച്ചു രാജ്യത്തിന്റെ ഭാരങ്ങളെ വഹിക്കുവാൻ പ്രാപ്തരാകേണ്ടതിനു ഞങ്ങളിൽനിന്നു സകല ഭിന്നതകളും ശണ്ഠകളും നീക്കിക്കളയേണമേ. രാജ്യത്തിന്റെ ക്ഷേമത്തിനായി ഓരോരുത്തരിൽനിന്ന് ആവശ്യപ്പെടുന്ന സേവനം തങ്ങളുടെ പ്രാപ്തിക്കനുസരണമായി ചെയ്യുവാൻ ഞങ്ങൾക്കു സഹായിക്കേണമേ. പൊതു ആവശ്യനിവൃത്തിക്കായി സകലവിധ സ്വാർത്ഥപരമായ അനാസ്ഥയും ഞങ്ങളിൽനിന്ന് ഇല്ലാതെയാക്കേണമേ. ദർശനമില്ലാതിരിക്കുന്നിടത്തു ജനങ്ങളും രാഷ്ട്രങ്ങളും നശിക്കുന്നതുകൊണ്ടു നിന്റെ സത്യത്തെയും നീതിയെയും കുറിച്ചുള്ള ദർശനം ഞങ്ങൾക്കു നൽകേണമേ. ഈ രാജ്യത്ത് അധികാരം വഹിക്കുന്ന എല്ലാവരും നേരായും പക്ഷപാതം കൂടാതെയും ന്യായം നടത്തിക്കുവാൻ അവർക്കു വേണ്ട ജ്ഞാനവും പരമാർത്ഥതയും നൽകേണമെന്നു ഞങ്ങൾ നിന്നോടു പ്രത്യേകം അപേക്ഷിക്കുന്നു. പിതാവേ, നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുമശിഹാ മൂലം ഇതിനെ നൽകേണമേ. **ആമെൻ.**

18

## സകലവിധത്തിലും അവസ്ഥയിലുമുള്ള മനുഷ്യർക്കുവേണ്ടി

കർത്താവു സകലരേയും സ്നേഹിക്കുന്നു.

*അവന്റെ കരുണകൾ തന്റെ സകല പ്രവൃത്തികളിൻ മേലും ഇരിക്കുന്നു.*

സകല മനുഷ്യവർഗത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ ദൈവമേ, സകല വിധത്തിലും അവസ്ഥയിലുമുള്ള മനുഷ്യർക്കുംവേണ്ടി ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു; അവർക്കു നിന്റെ വഴികളും സകല രാജ്യക്കാർക്കും നിന്റെ രക്ഷയും അറിയിക്കുവാൻ നിനക്കിഷ്ടമുണ്ടാകണമേ; ഞങ്ങൾ കാതോലിക സഭയുടെ നൻമയ്ക്കുവേണ്ടി വിശേഷാൽ പ്രാർത്ഥിക്കുന്നു; ആയതു നിന്റെ നല്ല ആത്മാവിനാൽ നടത്തി, ഭരിക്കപ്പെട്ടു, തങ്ങൾ ക്രിസ്ത്യാനികൾ എന്ന് അനുസരിച്ചു പറയുന്ന എല്ലാവരും സത്യവഴിയിലേക്കു നടത്തപ്പെട്ടു, ആത്മാവിന്റെ ഐക്യത്തിലും സമാധാനബന്ധത്തിലും നീതിയുള്ള നടപ്പിലും വിശ്വാസത്തെ പ്രമാണിക്കുമാറാകേണമേ. ഒടുക്കം മനസ്സിലോ ശരീരത്തിലോ അവസ്ഥയിലോ, വല്ലപ്രകാരത്തിലും അനർത്ഥമോ ഞെരുക്കമോ സഹിക്കുന്ന എല്ലാവരെയും (വിശേഷാൽ....) ഞങ്ങൾ നിന്റെ പിതൃദയയിലേക്കു ഭരമേല്പിക്കുന്നു; അവരുടെ കഷ്ടതകളിൽ ക്ഷമയും അവരുടെ സകല ദുഃഖങ്ങളിൽനിന്നും സന്തോഷമുള്ള തീർച്ചയും നൽകി, അവരുടെ ആവശ്യങ്ങളിൻപ്രകാരം അവരെ ആശ്വസിപ്പിച്ചു സഹായിപ്പാൻ നിനക്ക് ഇഷ്ടമുണ്ടാകേണമേ. ഇപ്രകാരം ഞങ്ങൾ യേശുമശിഹാ നിമിത്തംതന്നെ യാചിക്കുന്നു. **ആമെൻ.**

## 19

## ഭരണാധികാരികൾക്ക്

യഹോവ തന്റെ സിംഹാസനത്തെ സ്വർഗത്തിൽ സ്ഥാപിച്ചിരിക്കുന്നു.

*അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു.*

സർവ്വശക്തനായ ദൈവമേ, മനുഷ്യവർഗം ശരിയായി ഭരിക്കപ്പെടേണ്ടതിനു ഭരണാധിപൻമാർക്ക് ആധിപത്യം നൽകുന്നവൻ നീയാകുന്നുവല്ലോ. ഞങ്ങളുടെ ഈ ദേശത്തെ ഗവർണ്ണറെയും മന്ത്രിമാരെയും മറ്റു ഭരണാധികാരികളെയും കൃപയോടെ കടാക്ഷിക്കണമേ. നീ അവരെ ഭരമേല്പിച്ചിട്ടുള്ള അധികാരം ജനങ്ങളുടെ ക്ഷേമത്തിനും സമാധാനത്തിനും നൻമയ്ക്കുമായി ഉപയോഗിക്കുവാൻ ഇടയാകേണ്ടതിന് അവരുടെ ആലോചനകളെ തിരുഹിതപ്രകാരം ഭരിച്ചു നടത്തുവാൻ ഇഷ്ടം തോന്നേണമെന്നു ഞങ്ങളുടെ കർത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമെൻ**.

## 20

## ദക്ഷിണേന്ത്യാ സഭയ്ക്ക്

ഇതാ സഹോദരൻമാർ ഒത്തൊരുമിച്ചു വസിക്കുന്നത്

*എത്ര ശുഭവും എത്ര മനോഹരവുമാകുന്നു.*

പെന്തെക്കൊസ്തുനാളിൽ, പ്രത്യാശയോടും ഐക്യത്തോടും കാത്തിരുന്ന സഭയ്ക്കു നിന്റെ പരിശുദ്ധാത്മദാനത്തെ നൽകിയ ദൈവമേ, ഇവിടെ നിന്നെ ആരാധിക്കുന്നവരായ ഞങ്ങളെ അത്ഭുതകരമായ വിധത്തിൽ ഒരു ഏക തൊഴുത്തിലേക്കു നീ കൂട്ടിച്ചേർത്തിരിക്കുന്നുവല്ലോ. നിന്നിൽനിന്നു ഞങ്ങൾ വലിയ കാര്യങ്ങൾ പ്രതീക്ഷിക്കുവാൻ നിനക്കായി വലിയ കാര്യങ്ങൾ ഉദ്യമിക്കുവാനും

തക്കവണ്ണം ഞങ്ങളുടെ ജീവിതത്തിലും ആരാധനയിലും ആ പരിശുദ്ധാത്മാവിന്റെ സഹായം ഞങ്ങൾക്കു നൽകണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. അങ്ങനെ ഞങ്ങൾ നിന്നിൽ ഒന്നായിത്തീർന്നിട്ടു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനെ നീ അയച്ചുവെന്നു ലോകത്തിനു കാണിച്ചുകൊടുക്കുവാൻ കൃപ ചെയ്യണമേ. അവനു നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ സകല ബഹുമാനവും മഹത്വവും കാലാവസാനംകൂടാതെ ഉണ്ടായിരിക്കട്ടെ. **ആമെൻ.**

□